സ്വകാര്യ പ്രചരണത്തിനു മാത്രം

2012

ജനുവരി 2012

വാല്യം 5 ലക്കം 1

ശ്രീ രാം ചന്ദ്ര മിഷൻ®

India ECHOES
ONE WORLD ONE HUMANITY

# പുതുവത്സര ആശംസകൾ!



കുറച്ച് ദിവസത്തെ വിരസവും ഈറനണിഞ്ഞിരുന്നതുമായ കാലാവസ്ഥയ്ക്കൊടുവിൽ 2012 ജനുവരി ഒന്ന് പൊട്ടിവിടർന്നത് ഒരു തെളിഞ്ഞ പ്രഭാതത്തിലേക്കായിരുന്നു. കഴിഞ്ഞ രണ്ട് ദിവസങ്ങളിൽ പെയ്ത മഴ അന്തരീക്ഷത്തിന് ഉന്മേഷം പകർന്നിരുന്നു. തങ്ങളുടെ പ്രിയങ്കരനായ മാസ്റ്ററെ ഒരുനോക്കു കണ്ട്, പുതുക്കിയ പ്രതിബദ്ധതയോടും ലക്ഷ്യബോധത്തോടുംകൂടി നവവർഷത്തെ വരവേൽക്കുവാൻ വെമ്പിനിൽക്കുന്ന അഭ്യാസികളെക്കൊണ്ട് ആശ്രമം നിറഞ്ഞിരുന്നു. “ദാറ്റ്സ് ഓൾ” എന്ന് മാസ്റ്റർ പറഞ്ഞതോടെ അത് വരെ തെളിഞ്ഞുനിന്നിരുന്ന അന്തരീക്ഷം മഴയ്ക്ക് വഴിമാറി. ചെറുചാറ്റലായിത്തുടങ്ങിയ മഴ പിന്നീട് കനത്തു. അതിനാൽ നമ്മുടെയൊപ്പം മെഡിറ്റേഷൻ ഹാളിൽ നിൽക്കുവാനും സമയം ചെലവഴിക്കുവാനും മാസ്റ്റർ 'നിർബന്ധിതനായി'. ആദ്യചുവടുകൾ വെക്കാൻ ഒരു കുഞ്ഞിനെ അതിന്റെ അമ്മ എങ്ങനെ സഹായിക്കുന്നുവോ, എപ്രകാരം അമ്മ ആ പ്രവൃത്തി ആസ്വദിക്കുന്നുവോ അത് പോലെയാണ് മാസ്റ്റർ നമ്മെ സഹായിക്കുന്നതും നമ്മളെല്ലാവരും വളരുന്നത് കണ്ടാസ്വദിക്കുന്നതുമെന്ന് സഹോ. ചക്രപാണി തമിഴിൽ ചെയ്ത പ്രസംഗത്തിൽ പറഞ്ഞു. അദ്ദേഹം ഇങ്ങനെ കൂട്ടിച്ചേർത്തു: മുതിർന്നുകഴിഞ്ഞാൽ സ്വന്തം കാലിൽ നിൽക്കാൻ ശേഷിയുള്ളവരാണ് നമ്മൾ എന്ന് ആദ്യം തന്നെ മാസ്റ്റർക്ക് കാണിച്ച്കൊടുക്കേണ്ടത് നമ്മുടെ കടമയാണ്. അതായത് മാസ്റ്ററെ ശല്യംചെയ്യുകയോ അദ്ദേഹത്തെ വിഷമിപ്പിക്കുകയോ ചെയ്യാതെ ആത്മീയപാതയിൽ ഉത്തരവാദിത്വമുള്ള പൗരന്മാരായി നാം മാറണം. പിന്നീട് സഹോ. നിഹാരിക താൻ രചിച്ച ചില കവിതകൾ ചൊല്ലി. ഇത് എല്ലാവരുടെ ഹൃദയങ്ങളിലും മാസ്റ്ററോടുള്ള സ്നേഹം നിറച്ചു. മഴ പെയ്തുകൊണ്ടേയിരുന്നെങ്കിലും പിന്നീട് മാസ്റ്റർ കോട്ടേജിലേക്ക് തിരിച്ചുപോയി.

ദിവസം മുഴുവൻ വിവിധ സംഘങ്ങളായ് വന്ന അഭ്യാസികളെകാണുവാൻ മാസ്റ്റർക്ക് നന്നേ ബുദ്ധിമുട്ടേണ്ടിവന്നു. അത്താഴത്തിനുള്ള സമയമായപ്പോഴേയ്ക്കും ഏതൊരാൾക്കും കണ്ടാൽ മനസ്സിലാകുന്നതരത്തിൽ പൂർണ്ണമായും ക്ഷീണിതനായിരുന്നു മാസ്റ്റർ. എന്നിരുന്നാലും, ഭക്ഷണത്തിനുശേഷം കുറച്ച് കുട്ടികളെകാണാൻ അദ്ദേഹം സമയം കണ്ടെത്തി. പിന്നീട് കിടക്കാൻ പോകുന്നതിന് തൊട്ടുമുൻപെ തന്റെ ഓഫിസ്സിൽ പോകുവാൻ അദ്ദേഹം തീരുമാനിച്ചു. ഇമെയ്ലുകൾ പരിശോധിച്ച് അദ്ദേഹം അരമണിക്കൂർകൂടി ചെലവഴിച്ചു. നമുക്കെല്ലാവർക്കും കാണുവാനും അനുകരിക്കുവാനുമുതകുന്ന ഉത്തമമാതൃകയിലുള്ള ജീവിതമാണദ്ദേഹത്തിന്റേത്. നാമെല്ലാവരും നമ്മോട്തന്നെ ചോദിക്കേണ്ട ചോദ്യമിതാണ്: നാം “അദ്ദേഹത്തിന്റെ കാലടിപ്പാടുകൾക്കൊപ്പമാണോ”?

## ബാബുജിയിൽ നിന്ന് സ്നേഹത്തോടെ



മാസ്റ്ററുടെ ജീവിതശൈലിയിൽ മാറ്റം വരുത്താൻ അഭ്യർഥിച്ചു കൊണ്ട് ബാബുജി 2011 ഡിസംബർ 22നു മാസ്റ്റർക്ക് നൽകിയ സന്ദേശം. അഭ്യർഥന മാനിച്ച് മാസ്റ്റർ തന്റെ ഉത്തരേന്ത്യൻ പര്യടനം റദ്ദാക്കിയിരിക്കുന്നു. അദ്ദേഹത്തെ കാണാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും മണപ്പാക്കത്ത് അദ്ദേഹത്തെ സന്ദർശിക്കാവുന്നതാണ്. ബാബുജിയുടെ സന്ദേശത്തിൽ നിന്നൊരേട് താഴെ കൊടുത്തിരിക്കുന്നു.

“ഇക്കാലമത്രയും നീ സ്വയം സമർപ്പിച്ചിരിക്കുന്നു; വളരെയേറെ ക്ഷീണിച്ച നിന്റെ ശരീരത്തിനു താങ്ങാൻ കഴിയാത്ത തരത്തിലുള്ള ജീവിതശൈലി മാറ്റാൻ സമയമായിരിക്കുന്നു. വിശ്രമം, പ്രശാന്തത, പിന്നെ നിന്നിലെ ദൈവികപുരുഷന് ആവശ്യമായ ശ്രദ്ധ തുടങ്ങിയ സാധ്യമായ എല്ലാ കരുതലും നിന്റെ ശരീരം(ദേഹം) അർഹിക്കുന്നുണ്ട്.

...നിന്നെ നീ പരമാവധി നൽകിയിരിക്കുന്നു; ഇതിൽക്കൂടുതലെന്താണ് നിനക്ക് ചെയ്യാനുള്ളത്? ഈ സമയത്ത് യാത്രകൾക്കായി മുതിരേണ്ട. നിന്റെ ആരോഗ്യത്തിനുണ്ടാവുന്ന ഇത്തരത്തിലുള്ള ഭീഷണി ഞങ്ങൾക്ക് അസഹനീയമാണ്. ഇന്നത്തെ നിർദ്ദേശം ഇതാണ്; ഞങ്ങളുടെ (നിന്നോടുള്ള)സ്നേഹത്തിന്റെ ഉദാത്തമായ പ്രകടനമാണിത്, കാരണം നിന്റെ ക്ഷേമം ഞങ്ങൾക്ക് മറ്റെന്തിനേക്കാളും പ്രാധാന്യമുള്ളതാണ്.”

(Please refer to the original version in the English newsletter)



## മാസ്റ്ററുടെ യാത്രയുടെ വിവരണം

### മുംബൈ

ഒക്റ്റോബർ 22–ആം തീയതി വൈകുന്നേരം മാസ്റ്റർ ദുബായിൽ നിന്നും എത്തിച്ചേർന്നു. അദ്ദേഹം നേരെ ആശ്രമത്തിലേയ്ക്ക് പോയി. അവിടെയാകെ ഉത്സവാന്തരീക്ഷമായിരുന്നു. ആശ്രമത്തിന്റെ ഗേറ്റ് കടന്ന് നടന്നു നീങ്ങിയ മാസ്റ്ററെ എതിരേറ്റത് വൈവിധ്യമാർന്ന ഗാനങ്ങളായിരുന്നു. പരമ്പരാഗതരീതിയിലുള്ള വരവേൽപിനു ശേഷം, പുതുതായ് നിർമിച്ച ബുക്സ്റ്റാളും ലൈബ്രറിയും, രണ്ടാമത്തെ നിലയിൽ സ്ഥിതി ചെയ്യുന്ന പുതിയ കോട്ടേജും മാസ്റ്റർ ഉദ്ഘാടനം ചെയ്തു.

# എക്കോസ് ഇന്ത്യ വാർത്താപത്രിക



ആചാരപ്രകാരമുള്ള സ്വീകരണത്തിന് ശേഷം അദ്ദേഹം പുതിയതായി പണികഴിപ്പിച്ച താഴത്തെ നിലയിലുള്ള പുസ്തകാലയവും വായനശാലയും രണ്ടാമത്തെ നിലയിലുള്ള കോട്ടേജിൻെറയും ഉദ്ഘാടനം നിർവഹിച്ചു. അവിടം ചുറ്റി നടന്ന് കണ്ട മാസ്റ്റർ തൻെറ സംതൃപ്തി പ്രകടിപ്പിച്ചു. ഒരു രാത്രി മാത്രം തങ്ങി ഞായറാഴ്ചയിലെ സത്സംഗം നടത്തി മടങ്ങുവാൻ ഉദ്ദേശിച്ച മാസ്റ്റർ അന്ന് രാത്രി, അവിടത്തെ തൻെറ താമസം ഒരു ദിവസം കൂടി നീട്ടുവാനും, ആശ്രമത്തിൽ മൂന്ന് സത്സംഗങ്ങൾ നടത്തുവാനും തീരുമാനിച്ചു.

ഞായറാഴ്ച, ഒക്ടോബർ 23ന മാസ്റ്റർ സത്സംഗം നടത്തി. അതിന് ശേഷം അദ്ദേഹം തൻെറ പിൻഗാമിയായ സഹോ.കമലേഷ് പട്ടേലിനെ പരിചയപ്പെടുത്തി. അദ്ദേഹത്തെ പരിചയപ്പെടുത്തുമ്പോൾ മാസ്റ്റർ ബാബുജിയുടെ, “എനിക്ക് ശേഷം ഒരാളുണ്ടാവും” എന്ന വാക്കുകൾ ഉദ്ധരിച്ചു. എന്നിട്ടദ്ദേഹം, കുട്ടികൾക്ക് തങ്ങളുടെ അദ്ധ്യാപകനെ തിരഞ്ഞെടുക്കുവാനുള്ള അവകാശമില്ല, പക്ഷെ അവർ അദ്ദേഹത്തിൽ നിന്നും പരമാവധി പഠിക്കുവാനായി തങ്ങൾക്ക് ലഭിച്ച അവസരമുപയോഗിക്കണമെന്ന് അഭിപ്രായപ്പെട്ടു.

സഹോ.കമലേഷ് സദസ്സിനെ അഭിസംബോധന ചെയ്തു സംസാരിക്കവെ ഇങ്ങനെ ചോദിച്ചു, “അഭ്യാസികളായ നമ്മൾ ഒരു സിറ്റിംഗിൽ മാസ്റ്റർ നമുക്ക് നൽകുന്ന അവസ്ഥയെന്തെന്ന് അനുഭവപ്പെടുന്നതിനായി സ്വയം പൊരുത്തപ്പെടുന്നുണ്ടോ, അത് അനുഭവിച്ചാൽ തന്നെ അത് സ്വീകരിക്കുന്നുണ്ടോ, അത് സ്വീകരിച്ച് ആ അവസ്ഥ നിലനിർത്തുവാനോ നമ്മുടെ കൂടെ കൊണ്ടുപോകുവാനോ എന്താണ് നാം ചെയ്യുന്നത്? ”

അദ്ദേഹത്തിൻെറ പ്രഭാഷണത്തിന ശേഷം മുംബൈയിൽ നിന്നുള്ള അഭ്യാസികൾ അവതരിപ്പിച്ച കലാപരിപാടികളുണ്ടായി. വൈകുന്നേരം 5 മണിക്കുള്ള സത്സംഗത്തിന ശേഷവും കലാപരിപാടികൾ നടത്തി. അനൗപചാരികമായി സംസാരിക്കവെ മാസ്റ്റർ അഭ്യാസികൾ ‘മായ’യുടെ വലയത്തിൽ കുടുങ്ങരുതെന്ന് ഉപദേശിച്ചു. ഈ കുടുക്കിൽ നിന്നെങ്ങിനെ പുറത്ത് കടക്കുമെന്ന ഒരു അഭ്യാസിയുടെ ചോദ്യത്തിന് ഇപ്രകാരമുള്ള സാഹചര്യങ്ങൾ തരണം ചെയ്യുവാൻ പ്രാർത്ഥനകൾ മാത്രമെ സഹായകമാവൂ എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ഒക്ടോബർ 24-ന്, കാലത്ത് 7:30-നുള്ള സത്സംഗത്തിന ശേഷം അഭ്യാസികളുടെ അച്ചടക്കത്തിനേയും അവസ്ഥയേയും മാസ്റ്റർ അഭിനന്ദിച്ചു. തുടർന്ന് അദ്ദേഹം മുംബൈയിലേക്ക് പുറപ്പെട്ടു, അവിടെ ഒരു സഹോദരൻെറ വസതിയിൽ തങ്ങി വൈകുന്നേരം സത്സംഗം നടത്തി. 25-ന് കാലത്ത് അദ്ദേഹം അഹമ്മദാബാദിലേക്ക് പുറപ്പെട്ടു.

## അഹമ്മദാബാദ്

ദീപാവലിയുടെയും ഗുജറാത്തികളുടെ പുതുവത്സരത്തിൻേറയും സമയത്ത് ഭാരതത്തിൻെറ പടിഞ്ഞാറ് ഭാഗത്തേക്കുള്ള മാസ്റ്ററുടെ സന്ദർശനം ഗുജറാത്തിലെ അഭ്യാസികൾക്ക് ഒരു പ്രത്യേക സമ്മാനം തന്നെയായി. ഉച്ച കഴിഞ്ഞെത്തിയ അദ്ദേഹത്തെ എകദേശം 500-ഓളം അഭ്യാസികൾ സോണൽ ആശ്രമത്തിൽ സ്വീകരിച്ചു. അൽപ്പനേരം വിശ്രമിച്ച ശേഷം അദ്ദേഹം എകദേശം 3000 അഭ്യാസികൾക്കായി വൈകുന്നേരത്തെ സത്സംഗം നടത്തി. അതിന് ശേഷം നൽകിയ ലഘു പ്രഭാഷണത്തിൽ തൻെറ വരവിൻെറ പ്രധാന ഉദ്ദേശ്യം തൻെറ പ്രതിനിധിയായ സഹോ.കമലേഷ് പട്ടേലിനെ പരിചയപ്പെടുത്തലാണ് എന്ന് പറഞ്ഞു.

പിറ്റേന്ന് ദീപാവലിയായിരുന്നു, സഹോ.കമലേഷ് പട്ടേൽ അന്ന് സത്സംഗം നടത്തി. സത്സംഗത്തിന ശേഷം സഹോ.ഗുർപ്രീത് ആലപിച്ച കീർത്തനങ്ങൾ ഏവരേയും ആനന്ദകരമായൊരു അവസ്ഥയിലേക്ക് കൊണ്ട് പോയി. വൈകുന്നേരം ആയിരത്തോളം വിളക്കുകളാലും ബൾബുകളാലും ആശ്രമം മുഴുവനും ദീപാലംകൃതമായി. വൈകുന്നേരത്തെ സത്സംഗത്തിന ശേഷം വഡോധര, അഹമ്മദാബാദ് സെൻററുകളിലെ അഭ്യാസി സഹോദരിമാരവതരിപ്പിച്ച സാമ്പ്രദായിക രീതിയിലുള്ള “ഗർഭ” നൃത്തം നടന്നു. അന്തരീക്ഷത്തിൽ നിറഞ്ഞ ദൈവീക പ്രേമത്തിൻെറ ഒഴുക്ക് എല്ലാവർക്കും അനുഭവപ്പെട്ടു.

ഒക്ടോബർ 27 ഗുജറാത്തിലെ പുതുവത്സരമായിരുന്നു. അവിടുത്തെ ആചാരപ്രകാരം മൂന്ന് കുട്ടികൾ മാസ്റ്ററുടെ അടുത്തേക്ക് അദ്ദേഹത്തിന് “സഭ്രസ്” ആശംസിക്കാൻ ഉപ്പുമായി ചെന്നു. ഗോൾഫ് കാറിൽ ധ്യാനമന്ദിരത്തിലേക്കുള്ള തൻെറ യാത്രാമദ്ധ്യേ തന്നെ ആശംസിക്കുവാൻ വരിയായി നിന്ന നൂറോളം കുട്ടികളെ അദ്ദേഹം കണ്ടു. പിന്നീടദ്ദേഹം സത്സംഗത്തിന ശേഷം അഹമ്മദാബാദിൽ നിന്നുള്ള രണ്ട് അഭ്യാസികളുടെ വിവാഹം നടത്തി.

## അനൗപചാരിക സംഭാഷണങ്ങളിൽ നിന്നും ചില മൊഴിമുത്തുകൾ

◆ഒരഭ്യാസി സ്വയം മാസ്റ്റർക്ക് പരിചയപ്പെടുത്തിയപ്പോൾ നമ്മളുടെ ഉറ്റവരോട് നമ്മളെ പരിചയപ്പെടുത്തേണ്ട ആവശ്യമില്ലെന്ന് അദ്ദേഹം പറഞ്ഞു.

◆പ്രവർത്തികളുടെ ഫലത്തെക്കുറിച്ചുള്ള ചോദ്യത്തിന് അഭ്യാസികളുടെ എണ്ണത്തിൽ വർധന വരണമെന്ന ഫലപ്രതീക്ഷ തെറ്റാണെന്നും പൂർണ്ണഹൃദയത്തോടെ കർമ്മം ചെയ്താൽ മാത്രം മതിയെന്നും അദ്ദേഹം മറുപടി നൽകി.

◆സുഖസൗകര്യങ്ങളുടെ ഉപാധികൾ ഉപയോഗിക്കുന്നത് തെറ്റാണോ





# എക്കോസ് ഇന്ത്യ വാർത്താപത്രിക


അഹമ്മദാബാദ്


ആനന്ദ്


ബറോഡ

എന്നാരോ ചോദിച്ചു. ഒരാൾക്ക് സുഖസൗകര്യങ്ങൾ കൂടാതെ കഴിയാൻ പറ്റില്ലെന്ന് കരുതുന്നത് തെറ്റാണ്. അതേ സമയം സുഖ സൗകര്യങ്ങൾ ലഭ്യമായിട്ടും ആദ്ധ്യാത്മികതയിൽ അതു പാടില്ലെന്ന് നിർബന്ധം പിടിക്കുന്നതും ശരിയല്ല. നാം അതിൽ നിന്നും മുക്തരായിരിക്കുകയും ഏതൊരു സാഹചര്യത്തിലും സംതൃപ്തരായിരിക്കുകയും വേണം.

വൈകുന്നേരത്തെ സത്സംഗത്തിനു ശേഷം അഹമ്മദാബാദ് സെൻറർ രണ്ട് പരിപാടികൾ പ്രദർശിപ്പിച്ചു. അതിലൊന്ന് മുനി നർസിംഗ് മെഹ്തയുടെ ജീവിതത്തെ ആസ്പദമാക്കിയുള്ള ഒരു നാടകവും മറ്റൊന്ന് ദീപമേന്തിയുള്ള നൃത്തവുമായിരുന്നു. കോട്ടേജിലിരുന്ന് സിസിടിവിയിൽ ഇതു വീക്ഷിച്ച മാസ്റ്റർ അതിനെ പ്രശംസിച്ചു. പരിപാടി സംഘടിപ്പിച്ച യുവാക്കൾക്കൊപ്പം അൽപസമയം ചിലവിട്ടശേഷം അദ്ദേഹം വിശ്രമിച്ചു.

28-ാം തിയതി രാവിലെ 6:30 മണിക്ക് ആയിരത്തിൽപരം അഭ്യാസികളുടെ അകമ്പടിയോടെ അഹമ്മദാബാദിൽ നിന്നും 75 കി.മി അകലെ സ്ഥിതി ചെയ്യുന്ന ആനന്ദിലേക്ക് മാസ്റ്റർ യാത്ര തിരിച്ചു. ആനന്ദിൽ സത്സംഗം നടത്തിയശേഷം അദ്ദേഹം ഒരു സഹോദരൻെറ വീട്ടിൽ തങ്ങി. ഗുജറാത്തിലുള്ള എല്ലാ പ്രശിക്ഷകർക്കും രാജസ്ഥാൻ, മദ്ധ്യപ്രദേശ് മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള തിരഞ്ഞെടുത്ത ഭാരവാഹികൾക്കുമായി GSTയെ ആസ്പദമാക്കി ഒരു ശിൽപശാല സംഘടിപ്പിച്ചു.

29-ാം തിയതി ആനന്ദിൽ സത്സംഗം നടത്തിയതിനുശേഷം മാസ്റ്റർ വഡോദരയിലേക്ക് തിരിച്ചു. നാലു സംസ്ഥാനങ്ങളിൽ നിന്നായി ഏതാണ്ട് 2500-ഓളം അഭ്യാസികൾ അദ്ദേഹത്തോടൊപ്പം വാരാന്ത്യം ചിലവഴിക്കാൻ എത്തിയിരുന്നു. 29-ാം തിയ്യതി വൈകിട്ടും 30-ാം തിയതി രാവിലെയും വൈകിട്ടുമുള്ള സത്സംഗം മാസ്റ്റർ നടത്തി. സഹോദരിമാരും കുട്ടികളും ചേർന്ന് രണ്ടു നൃത്തം അവതരിപ്പിക്കുകയുണ്ടായി. നവംബർ 1-ാം തിയതി രാവിലെ 7:30-ന് മാസ്റ്റർ കോട്ടേജിനുള്ളിൽ സത്സംഗം നടത്തി. നവംബർ 2-ാം തിയതി അദ്ദേഹം അഹമ്മദാബാദിലേക്ക് മടങ്ങുകയും വൈകീട്ട് 3:20-ന് അവിടെ നിന്നും ചെന്നൈയിലേക്ക് തിരിക്കുകയും ചെയ്തു.



## ചെന്നൈ

വളരെ നീണ്ട ഒരു യാത്രക്കുശേഷം മാസ്റ്റർ ചെന്നൈയിൽ തിരിച്ചെത്തി. ട്രാഫിക് വളരെയധികമായതിനാൽ ആശ്രമത്തിൽ എത്താൻ വൈകുകയും അദ്ദേഹം വളരെ ക്ഷീണിതനാവുകയും ചെയ്തിരുന്നു. എങ്കിലും അടുത്ത ദിവസം അദ്ദേഹം നേരത്തെ എഴുന്നേൽക്കുകയും 6 മണിക്കു തന്നെ തയ്യാറാവുകയും ചെയ്തു. “ഞാൻ 5 മണിക്ക് ഉറക്കമുണർന്നിരുന്നു, പക്ഷെ ക്ഷീണം അനുഭവപ്പെട്ടതിനാൽ 7 മണിവരെ ഉറങ്ങാമെന്നു കരുതി. പക്ഷെ അതു ക്ഷീണമല്ല മടിയാണെന്നു പിന്നീടു തോന്നിയതുകാരണം ഞാൻ അതിനെ തരണം ചെയ്ത് എഴുന്നേറ്റു” എന്ന് അദ്ദേഹം പറഞ്ഞു. ഈ പ്രായത്തിലും പ്രത്യേകിച്ച് ഒരു ദീർഘയാത്രയ്ക്കുശേഷം ആദ്ദേഹത്തിന് തൻെറ ഇച്ഛാശക്തിയുപയോഗിച്ച് ഉന്മേഷവാനായി തൻെറ പ്രവർത്തികൾ തുടരുന്നുവെന്നത് നമുക്ക് ഒരു വലിയ പാഠമാണ്.

മാസ്റ്റർ അദ്ദേഹത്തിൻെറ നീണ്ട യാത്രയ്ക്കിടയിൽ ലഭിച്ച പുസ്തകങ്ങൾ ആശ്രമത്തിൻെറ ലൈബ്രറിയിലേക്ക്, അദ്ദേഹത്തിൻെറ മുറിയിലേക്ക്, ഒമേഗ സ്കൂളിലേക്ക്, സത്കോൽ ആശ്രമത്തിലേക്ക് എന്നിങ്ങനെ തരം തിരിക്കുന്നുണ്ടായിരുന്നു. വളൻറിയർമാർ പുസ്തകങ്ങളുടെ തലക്കെട്ട് വായിച്ചുകൊണ്ട് അദ്ദേഹത്തിനെ സഹായിക്കുന്നുണ്ടായിരുന്നു, വളരെ ശ്രദ്ധയോടും സൂക്ഷ്മതയോടും പുസ്തകങ്ങളുടെ ആവശ്യത്തിനും പ്രാധാന്യത്തിനുമനുസരിച്ച് അവയെ അദ്ദേഹം വേർതിരിക്കുന്നത് വളരെ ശ്രദ്ധേയമായിരുന്നു.



എക്കോസ് ഇന്ത്യ വാർത്താപത്രിക

നവംബർ 5–നോട് അടുപ്പിച്ച് ചെന്നൈയിൽ മഴ വർദ്ധിച്ചതിനാൽ ലയൺ ഗേറ്റ് വഴി വെള്ളം അകത്തുകടക്കാൻ തുടങ്ങിയപ്പോൾ ആശ്രമം വെള്ളപ്പൊക്ക ഭീതിയിലാഴ്ന്നു. വെള്ളം ഗേയ്റ്റ് വഴി വരുന്നതു തടയുവാനായി അഭ്യാസി വളൻറിയർമാർ മണൽ ചാക്കുകൾ നിരത്തി. മാസ്റ്റർ ആകാംക്ഷാഭരിതനായിരുന്നു. മുൻ കരുതലെന്ന നിലക്ക്, ബുക്ക് ഷെൽഫിലെ താഴത്തെ തട്ടിലുള്ള പുസ്തകങ്ങൾ പെട്ടികളിലാക്കി കെട്ടിടത്തിൻെറ ഉയർന്ന നിലയിലേക്ക് മാറ്റുവാൻ മാസ്റ്റർ നിർദ്ദേശിച്ചു.

7ന് വൈകീട്ട് മൗറീഷ്യസിൽ നിന്നും വന്ന അഭ്യാസികളെ മാസ്റ്റർ കണ്ടു. അവർക്ക് സിറ്റിംഗ് കൊടുക്കുകയും അവരുമൊത്ത് കുറച്ചു സമയം ചിലവഴിക്കുകയും ചെയ്തു. “എല്ലാം നേടിയെന്ന് ഒരുവൻ ഒരിക്കലും കണക്കാക്കരുത്. എല്ലാം മറ്റൊന്നിലേക്ക് നയിക്കുന്നു; ഈ പ്രക്രിയക്ക് ഒരിക്കലും ഒരന്ത്യമുണ്ടാവുന്നില്ല“, അദ്ദേഹം അവരോട് പറഞ്ഞു.

നവമ്പർ 11 ന് ഒരു പ്രത്യേകതയുള്ള ദിവസമായിരുന്നു. മാസ്റ്റർ സത്സംഗം നടത്തുകയും 13 കല്യാണം നടത്തുകയും ചെയ്തു. ഹാൾ നിറയെ ഉണ്ടായിരുന്ന അഭ്യാസികൾക്ക് തങ്ങളുടെ പ്രിയപ്പെട്ടവനെ അടുത്തു കാണുന്നതിന് ലഭിച്ച ഒരവസരമായിരുന്നു. സന്തോഷം നിറഞ്ഞ ഒരന്തരീക്ഷം ഏവർക്കും അനുഭവമായി. മാസ്റ്റർ വളരെ സന്തോഷവാനായിരുന്നു.

മാസ്റ്ററുമൊത്തു കൂടാൻ ഷാജഹാൻപൂരിൽനിന്നും എത്തിയ 25 ഓളം അഭ്യാസികളെ അദ്ദേഹം കണ്ടു. ഒരു സിറ്റിംഗോടുകൂടി മീറ്റിംഗ് തുടങ്ങി. എല്ലാവർക്കും കഴിക്കാനായി ലഘുഭക്ഷണം ഏർപ്പാടു ചെയ്തു.ഏവർക്കും ഭക്ഷണം ലഭിച്ചുവെന്ന് ഉറപ്പു വരുത്തിയ മാസ്റ്റർ തികഞ്ഞ ആതിഥേയനായി. ഷാജഹാൻപൂർ സന്ദർശിക്കാനായി അഭ്യർത്ഥിച്ച അഭ്യാസികളോട് “ഞാൻ തീർച്ചയായും വരും” എന്ന് മാസ്റ്റർ പറഞ്ഞു. ഷാജഹാൻപൂർ അടക്കം ഉത്തർപ്രദേശിലെ വിവിധ ഭാഗങ്ങൾ സന്ദർശിക്കാൻ അതിനകം തന്നെ അദ്ദേഹം ആസൂത്രണം ചെയ്തിരുന്നു. എങ്കിലും ഒരാഴ്ചക്കകം മൂന്നു തവണ അദ്ദേഹത്തിന് അസുഖം ബാധിച്ചിരുന്നു. തത്ഫലമായി തൻെറ എല്ലാ യാത്രാപദ്ധതികളും ഉപേക്ഷിച്ച് അദ്ദേഹം മണപ്പാക്കത്തുതന്നെ താമസിക്കുകയായിരുന്നു.

ഒരു ദിവസം രാവിലെ തൻെറ മുന്നിലിരുന്ന അഭ്യാസികളോട് “ പ്രലോഭനങ്ങളെ ഒഴിവാക്കാനുള്ള എളുപ്പ മാർഗം പ്രലോഭനമുളവാക്കുന്ന സാഹചര്യങ്ങളിൽനിന്നും മാറി നിൽക്കലാണ്. ഒരു ജിലേബി കടയിൽ നിൽക്കുന്ന നിങ്ങൾക്ക് അത് കഴിക്കുവാനുള്ള പ്രലോഭനം ഉണ്ടാകും. അത്തരം സാഹചര്യങ്ങൾ ഒഴിവാക്കുക മാത്രമാണ് അതിനെ നേരിടുവാനുള്ള ഉത്തമ മാർഗം“ എന്ന് അദ്ദേഹം പറഞ്ഞു.

നവമ്പർ 27ന് കടുത്ത മഴയുണ്ടായിരുന്നിട്ടു കൂടി സത്സംഗം നടത്തുവാൻ മാസ്റ്റർ തയ്യാറായി. ആശ്രമത്തിൽ ഒരു വെള്ളപ്പൊക്ക ഭീഷണി നിലവിലുണ്ടായിരുന്നതിനാൽ മാസ്റ്റർ അതിൽ വ്യാകുലനായിരുന്നു. “ഈ ആശ്രമം നിർമ്മിക്കുന്ന സമയത്ത് കൂടുതൽ പണമുണ്ടായിരുന്നെങ്കിൽ കൂടുതൽ ഉയരത്തിൽ പണിയുമായിരുന്നു” എന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹമിത് വിവരിക്കുമ്പോൾ അദ്ദേഹത്തിൻെറ ലാളിത്യവും തുറന്ന മനസ്ഥിതിയും പ്രകടമായിരുന്നു.

അമേരിക്കയിൽനിന്നും അടുത്തീയിടെ താമസം മാറ്റിയ അഭ്യാസികളായ ഭാര്യാഭർത്താക്കൾ മാസ്റ്ററെ കണ്ടു. മാസ്റ്റർ ആ പെൺകുട്ടിയോട് “നിങ്ങളുടെ തിരിച്ചു വരുവാനുള്ള തീരുമാനത്തിൽ സംതൃപ്തയാണോ?” എന്നു ചോദിച്ചു. “ഞാൻ സന്തുഷ്ടയാണു സാർ” എന്ന് ആ പെൺകുട്ടി മറുപടി നൽകി. “അവിടെ നിങ്ങൾക്ക് പണം ലഭിക്കും, ഇവിടെ സന്തോഷവു:പണവും സന്തോഷവും ഒരിക്കലും ഒത്തുപോവില്ല” എന്ന് മാസ്റ്റർ പറഞ്ഞു.

നവമ്പർ 29 മുതൽ ഡിസമ്പർ 2 വരെ മാസ്റ്റർ ‘ഗായത്രി’ യിലായിരുന്നു. വെള്ളിയാഴ്ച അദ്ദേഹം കടൽക്കരയിലേക്ക് പോയെങ്കിലും ശ്വാസ തടസ്സത്താൽ വീട്ടിലേക്ക് തിരികെ വന്ന് വിശ്രമിക്കേണ്ടിവന്നു.

**ഡിസമ്പർ 3,2011:** രാവിലെ ഏകദേശം 9.15ന് മാസ്റ്റർ അശ്രമത്തിലേക്ക് വന്നു. ‘മഹാഭാരത കഥ’ യുടെ ഡി.വി.ഡി. അദ്ദേഹം കൈപ്പറ്റി. മഹത്തായ പുരാണത്തിൻെറ രണ്ടാം ഭാഗമായിരുന്നു അത്. മഹാഭാരതം തുടർച്ചയായി ടി.വി.യിൽ കാണിച്ചിരുന്നതിൽ വിട്ടുപോയ പല ഭാഗങ്ങളും ഇതിലുണ്ട്. ഇത് കാണുന്നതിൽ മാസ്റ്റർ അത്യന്തം ഉത്സാഹം കാണിച്ചു.

ഡിസമ്പർ ആദ്യ വാരത്തിൽ മാസ്റ്ററോടൊത്ത് ചിലവഴിക്കുന്നതിനായി ഗുജറാത്തിൽനിന്നുള്ള 300 ഓളം അഭ്യാസികൾ ആശ്രമത്തിലെത്തി. ഒരുദിവസം, വൈകുന്നേരത്തെ സത്സംഗത്തിനുശേഷം ഇറ്റലിയിൽനിന്നുള്ള ഇരുപതോളം അഭ്യാസികൾ ഹാളിൽ മാസ്റ്ററെ കാത്തുനിന്നു. ക്ഷമാപൂർവം കാത്തുനിന്നിരുന്ന അവരിൽ, മാസ്റ്ററെ കാണുന്നതിനുള്ള ഉത്കടമായ ആഗ്രഹം നിറഞ്ഞു നിന്നിരുന്നു. തൻെറ ഓഫീസ് മുറിയിൽ പോയി ജോലി ചെയ്യാനായി ആഗ്രഹിച്ചിരുന്നെങ്കിലും അദ്ദേഹം തൻെറ കിടപ്പു മുറിയിൽനിന്നും പുറത്തു വന്നു ഹാളിൽ വന്നിരുന്ന് ഇറ്റലിയിൽനിന്നുള്ള അഭ്യാസികളുമായി സംവദിക്കാൻ തുടങ്ങി. കുറച്ചു നേരം സംസാരിച്ചതിനുശേഷം ഒരു സിറ്റിംഗ് നടത്തി. അവിടെ കൂടിയിരുന്നവരെ അത് സന്തോഷവാന്മാരാക്കി.

‘ഹൃദയവാണി’ യെക്കുറിച്ച് 10–11 തിയതികളിൽ നടത്തിയ ശിൽപശാലയിൽ, “നാം ഹൃദയപൂർവം സംസാരിക്കണം എന്നു പറയുമ്പോൾ മുൻകൂട്ടി തയ്യാറെടുക്കാതെ അത് ആത്മ പ്രചോദിതമായി സംസാരിക്കണമെന്നാണോ?” എന്ന ചോദ്യം മാസ്റ്റർക്കുമുമ്പിൽ സമർപ്പിക്കപ്പെട്ടു. തയ്യാറെടുപ്പ് പ്രസംഗത്തിന് അത്യാവശ്യമാണ് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രഭാഷണം നടത്തേണ്ട ഒന്നോ രണ്ടോ ദിവസത്തിനു മുമ്പ് വിഷയം നിങ്ങൾ മനനം ചെയ്യാൻ അനുവദിക്കണം. പാശ്ചാത്യ നാടുകളിൽ ചെയ്യുന്നതുപോലെ ആശയം എഴുതാൻ ശ്രമിക്കരുത്. അപ്രകാരം ചെയ്യുന്നത്, ചട്ടക്കൂടിനെ കർക്കശവും തീരെ വഴക്കമില്ലാത്തതാക്കുകയും ലാളിത്യം നഷ്ടപ്പെടുത്തുകയും ചെയ്യും. പകരം വിഷയത്തിൽ മനനം നടക്കുവാൻ അനുവദിക്കുകയും സഹജമായ തയ്യാറെടുപ്പ് നടക്കുവാൻ അനുവദിക്കുകയും ചെയ്യണം. അങ്ങനെ, സംസാരിക്കേണ്ട സമയത്ത് ഹൃദയത്തിൽനിന്നും സംസരിക്കുവാൻ നിങ്ങൾക്ക് സാധിക്കും. ഹൃദയപൂർവം



# എക്കോസ് ഇന്ത്യ വാർത്താപത്രിക



സംസാരിച്ചതുകൊണ്ട് മാത്രം കാര്യമില്ല എന്നദ്ദേഹം പറഞ്ഞു: തൻെറ അനുഭവങ്ങൾ ആ പ്രഭാഷണത്തിൽ ഉൾക്കൊള്ളിക്കാനാവണം എന്നദ്ദേഹം കൂട്ടിച്ചേർത്തു.

15ന് ഓംഗോൽ സെൻററിലെ അഭ്യാസികൾക്കു സത്സംഗം നടത്തുവാൻ മാത്രമായി അദ്ദേഹം ഗായത്രിയിൽ നിന്ന് വന്നു.

ഡിസംബർ 19, 2011:സൗത്ത് ആഫ്രിക്കയിൽ നിന്നും ഒഷ്യാനയിൽ നിന്നും അഭ്യാസികൾ സെമിനാറിനായി ആശ്രമത്തിൽ എത്തിയിരുന്നു. രാവിലെ 8 മണി മുതൽ 11 മണിവരെ തുടർച്ചയായി കണ്ടു. ക്ഷീണിതനായിരുന്നുവെങ്കിലും അവരെയെല്ലാം കാണുവാൻ മാസ്റ്റർ ആഗ്രഹിച്ചു. ഞാൻ 350ൽ 300 പേരെയെങ്കിലും തീർച്ചയായും കണ്ടിട്ടുണ്ടാവുമെന്ന് അദ്ദേഹം തമാശരൂപേണ പറഞ്ഞു. വീണ്ടും വൈകുന്നേരം അൻപതോളം അഭ്യാസികൾ അദ്ദേഹത്തെ കാത്ത് ഹാളിലുണ്ടായിരുന്നു. ഓഫീസിൽനിന്ന് പുറത്തുവന്ന മാസ്റ്റർ ഇവരെ കണ്ടപ്പോൾ ഇങ്ങനെ പറഞ്ഞു "ക്ഷമയോടെ ഇരിക്കൂ. അൽപസമയത്തിനുള്ളിൽ ഞാൻ വരാം". കുറച്ചുകഴിഞ്ഞുവന്ന മാസ്റ്റർ ഒരു സിറ്റിംഗ് നൽകി. ഹാളിൽ ഒരു മണിക്കൂറോളം ക്ഷമയോടെ കാത്തിരുന്നവർക്ക് ഇത് ഒരു അനുഭവമായി.

ഡിസംബർ 24, 2011: മാസ്റ്റർ ആശ്രമത്തിലേക്കു വന്ന് കുറച്ചു നേരം വെയിലത്തിരുന്നു. ബാബുജി മഹാരാജിൽ നിന്നു ഈയിടെ വന്ന ഒരു സന്ദേശത്തെക്കുറിച്ച് അദ്ദേഹം സംസാരിക്കുകയായിരുന്നു. ഈ സന്ദേശം കിട്ടുമ്പോൾ എന്തെല്ലാം ഒരുക്കങ്ങൾ വരാൻ പോകുന്ന യാത്രക്ക് വേണ്ടി നടത്തിക്കഴിഞ്ഞിരുന്നു എന്ന് അദ്ദേഹം വിവരിച്ചു. പക്ഷെ അദ്ദേഹത്തിൻെറ മാസ്റ്ററുടെ നിർദ്ദേശങ്ങൾ അനുസരിക്കാൻ അതെല്ലാം റദ്ദാക്കേണ്ടി വന്നു.

അതൊരു ക്രിസ്തുമസ് സായാഹ്നമായതിനാൽ ഒരു കൂട്ടം അഭ്യാസികൾ കോട്ടേജിലിരുന്ന് മാസ്റ്റർക്കുവേണ്ടി ക്രിസ്തുമസ് കരോൾ പാടി. ആ പാട്ട് മാസ്റ്ററെ കിടപ്പുമുറിയിൽ നിന്ന് പുറത്തെത്തിച്ചു. എല്ലാവരേയും ആഹ്ലാദിപ്പിച്ചുകൊണ്ട് ആ ട്യൂൺ മൂളിക്കൊണ്ടാണു അദ്ദേഹം പുറത്തേക്കു വന്നത്. "ക്രസ്റ്റിൽ വെച്ചാണു ഈ പാട്ട് അവസാനമായി കേട്ടത്" അദ്ദേഹം പറഞ്ഞു. കുറച്ചുനേരം അവർക്കൊപ്പം ഇരുന്ന ശേഷം പാടിയവർക്കെല്ലാം അദ്ദേഹം മിഠായികൾ വിതരണം ചെയ്തു.

ക്രിസ്തുമസിനു മാസ്റ്റർ മെഡിറ്റേഷൻ ഹാളിലേക്ക് പോകുന്ന വഴിക്ക് വെള്ളയും ചുവപ്പും ഡ്രസ്സ് ധരിച്ച കുട്ടികൾ വഴിയിൽ നിരന്നു നിന്നു. ഗോൾഫ് വണ്ടിയിൽ അവർക്കിടയിലൂടെ നീങ്ങുമ്പോൾ മാസ്റ്റർ സന്തോഷവാനായിരുന്നു.

ഡിസംബർ 26: പുതിയ യാത്രാനിയന്ത്രണങ്ങളെ തുടർന്ന് സൗകര്യം കിട്ടുമ്പോഴെല്ലാം 9 മണിക്കുള്ള സത്സംഗം നടത്താൻ മാസ്റ്റർ തീരുമാനിച്ചു. മെഡിറ്റേഷൻ ഹാളിൽ വെച്ച് എല്ലാവരേയും കാണാൻ കഴിയുന്നത്ര ശ്രമിക്കാമെന്നും ആരും കോട്ടേജിനു മുന്നിൽ കൂട്ടം കൂടി നിൽക്കരുതെന്നും അദ്ദേഹം പറഞ്ഞു.

ഒരു ദിവസം പ്രഭാത സത്സംഗിനു ശേഷം മാസ്റ്റർ പുറത്തിരുന്ന് സംസാരിക്കവെ അദ്ദേഹം ചോദിച്ചു "50 വയസ്സിനു ശേഷം ഒരാളുടെ ഇഛാശക്തി പരാജയപ്പെടുന്നത് എന്തുകൊണ്ടാണ്? അതിനു കാരണം ഇഛാശക്തി ആത്മപുരോഗതിക്കുവേണ്ടി ഉപയോഗിക്കേണ്ടതാണ്. അത് ചെയ്യാതെ പകരം നമ്മുടെ ആഗ്രഹങ്ങൾ നിവർത്തിക്കാൻ വേണ്ടി ഉപയോഗിക്കുന്നു, അത് ഇഛാശക്തിയെ ദുർബലമാക്കുന്നു." ഒരു കുട്ടിയുടെ കാര്യം അദ്ദേഹം ഉദാഹരണമായി എടുത്തു. കുട്ടിയെ കളിപ്പാട്ടക്കടയിൽ കൊണ്ടുപോയി അവൻെറ ആഗ്രഹങ്ങൾ നിയന്ത്രിക്കണമെന്നു പറയാൻ ആവില്ല. വ്യക്തിപരമായ ഒരു ഉദാഹരണവും അദ്ദേഹം എടുത്തിട്ടു. ഒരു വർഷം മുൻപുവരെ നേരത്തെ എഴുന്നേൽക്കാൻ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല. വൈകും വരെ ഉറങ്ങും. അതിനെ മറികടക്കാൻ അദ്ദേഹം നിശ്ചയിച്ചു. ഇപ്പോൾ രാവിലെ നാലെമുപ്പതിനും അഞ്ചിനും ഇടക്ക് എഴുന്നേൽക്കുന്നു. അദ്ദേഹം പറഞ്ഞു "എൻെറ പ്രായത്തിലുള്ള ഒരാൾക്ക് എല്ലാം പുറകോട്ടാകും. എൻെറ കാര്യത്തിൽ പക്ഷെ ഇഛാശക്തി നിലനിർത്താൻ കഴിയുന്നുണ്ട്. ദിവസേന ഒന്നോ രണ്ടോ സിറ്റിങ്ങുകൾ, ഒന്നോ രണ്ടോ പ്രിഫക്റ്റ് സിറ്റിങ്ങുകൾ, ഒരു സത്സംഗം, ഇതെല്ലാം രാവിലെ ചെയ്യുന്നതാണ്. കൂടാതെ ഞാൻ ഇ-മെയിൽ പരിശോധിക്കും. അത് കുറച്ചൊന്നുമല്ല. നാൽപതോളമെങ്കിലും പതിവായി ഉണ്ടാകും".

കിഴക്കൻ തീരത്ത് ആഞ്ഞടിച്ച ചുഴലിക്കാറ്റ് കനത്ത മഴയും കാറ്റും നഗരത്തിലേക്കു കൊണ്ടുവന്നു. ആശ്രമപരിസരം വെള്ളത്തിൽ കുതിർന്നു. ഒരു വെള്ളപ്പൊക്കം വരാൻ പോകുന്നതിൻെറ ആശങ്ക നിലനിന്നു. അഭ്യാസികൾ മണപ്പാക്കത്തേക്ക് വരുന്നുണ്ടായിരുന്നതുകൊണ്ട് അഭ്യാസികൾ ആശ്രമത്തിലേക്ക് വരരുതെന്നുള്ള അറിയിപ്പ് അയച്ചു. ഭാഗ്യത്തിനു കാറ്റുകടന്നുപോകുകയും കാര്യങ്ങൾ സ്വസ്ഥമാവുകയും ചെയ്തു.





# എക്കോസ് ഇന്ത്യ വാർത്താപത്രിക



## മൗറീഷ്യസ്സിലെ അഭ്യാസികൾക്കായുള്ള സെമിനാർ

**2011 നവംബർ 7 മുതൽ 14 വരെ**

ഇരുപത്തിയേഴ് അഭ്യാസികളും എട്ട് കുട്ടികളും അടങ്ങുന്ന ഒരു സംഘം അഭ്യാസികൾ നവംബർ ആറിന് മണപ്പാക്കം ആശ്രമത്തിലെത്തിച്ചേർന്നു. നവംബർ 7നു തൻെറ കോട്ടേജിൽ മാസ്റ്റർ അവരെ സ്വീകരിക്കുകയും വൈകുന്നേരം 4 മണിക്ക് ഒരു സിറ്റിംഗ് നൽകുകയും ചെയ്തു. അതിനുശേഷം ചായസത്കാരവും ഉണ്ടായിരുന്നു.

സെമിനാർ നടന്ന കാലയളവിൽ എല്ലാ അഭ്യാസികൾക്കും രണ്ട് ഇൻഡിവിജ്വൽ സിറ്റിംഗുകൾ ലഭിച്ചു. വ്യക്തിപ്രകാശനത്തിനും ചർച്ചകൾക്കും അനുയോജ്യമായ പ്രമേയങ്ങളുൾക്കൊള്ളിച്ചു കൊണ്ടുള്ള സെമിനാർ 8 മുതൽ 13 വരെ തീയ്യതികളിൽ നടത്തപ്പെട്ടു . വളരെയധികം പ്രയോജനം ചെയ്ത ഈ സെമിനാറിൽ സഹജ മാർഗ്ഗ സാധനയെക്കുറിച്ച് സഹോദരി ഡോളിയും പരിശീലക സംഘവും തയ്യാറാക്കിയ അവതരണം ഉണ്ടായിരുന്നു. ചർച്ചകളിൽ പങ്കെടുത്ത ഓരോ അഭ്യാസിക്കും വിവിധവിഷയങ്ങളിലുള്ള തങ്ങളുടെ കാഴ്ച്ചപ്പാടുകൾ പങ്കുവെയ്ക്കുവാൻ അവസരം ലഭിച്ചിരുന്നു. വിവിധ സംഘങ്ങളുടെ അവതരണം ഉണ്ടായിരുന്നു. ഉച്ചയ്ക്ക് ശേഷം മാസ്റ്ററുടെ പ്രഭാഷണങ്ങളുടെ വീഡിയോ പ്രദർശനമുണ്ടായിരുന്നു.

സഹോദരന്മാരായ വി. കണ്ണൻ, എ.പി. ദുരൈ, കമലേഷ് പട്ടേൽ എന്നിവർ സാംസാരിക്കുകയും സഹജ മാർഗ്ഗത്തിനെപ്പറ്റിയുള്ള അവബോധം വളർത്തുകയും ചെയ്തു. തങ്ങളുടെ പരിണാമം, സഹജ മാർഗ്ഗം മൗറീഷ്യസ്സിൽ വ്യാപിപ്പിക്കുക എന്നീ കാര്യങ്ങൾ ചെയ്യാൻ പ്രചോദനം നൽകുന്നതായിരുന്നു ഈ പ്രഭാഷണങ്ങൾ. കൂട്ടായ്മ സൃഷ്ടിയെപ്പറ്റി സഹോ.ശരത്ത് ഒരവതരണം നടത്തി. അതിനുവേണ്ട പ്രാരംഭ നടപടികളെക്കുറിച്ച് എല്ലാവരും ചർച്ചചെയ്ത് ഒരു തീരുമാനത്തിലെത്തിച്ചേർന്നു.

തൻെറ പ്രഭാഷണത്തിനിടയിൽ സഹോദരൻ കമലേഷ് പട്ടേൽ പറഞ്ഞ ഒരു കാര്യമിതാണ്: വീട്ടിൽ തിരിച്ചെത്തിയാലും എങ്ങനെ തങ്ങൾക്ക് ആ നല്ല അവസ്ഥ നിലനിർത്താൻ സാധിക്കുമെന്ന് പല അഭ്യാസികളും ചോദിക്കാറുണ്ട്. അതിനു മറുപടിയായി അദ്ദേഹം പറഞ്ഞതിതാണ്: നാം ആ അവസ്ഥയെ വളരാനനുവദിക്കണം. നമ്മുടെ ഹൃദയത്തിൽ മാസ്റ്റർ ആത്മീയ മൂലധനം നിക്ഷേപിച്ചിട്ടുണ്ട്, അതിനെ നാം വളരാനനുവദിക്കണം. ആ അവസ്ഥ നമ്മിൽ വികസിക്കുകയും നമ്മുടെ ചിന്തകളിലും, വാക്കിലും, പ്രവൃത്തികളിലും അത് പ്രതിഫലിപ്പിക്കുകയും വേണം. അദ്ദേഹം ഇത്കൂടി കൂട്ടിച്ചേർത്തു, പുതിയ അഭ്യാസികളെ മിഷനിലേക്ക് കൊണ്ടുവരികയും അവർ സഹജമാർഗ്ഗപരിശീലനം തുടരുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ഓരോ അഭ്യാസിയുടെയും ഉത്തരവാദിത്വമാണ്.

അഭ്യാസികൾ നവംബർ 14നു മാസ്റ്ററുമൊത്ത് അൽപസമയം ചെലവഴിച്ചു. മാസ്റ്റർ അവർക്ക് യാത്രാമംഗളമോതി. പ്രായാധിക്യം കാരണം തനിക്ക് മൗറീഷ്യസ്സിലേക്ക് വരാൻ കഴിയില്ലെന്നു പറഞ്ഞ അദ്ദേഹം അവരോടിങ്ങനെ അഭ്യർഥിച്ചു, “എന്നെ നിങ്ങളുടെ കൂടെ കൊണ്ടുപോകുക. ഞാനുദ്ദേശിച്ച തെന്താണെന്ന് നിങ്ങൾക്ക് മനസ്സിലായെന്ന് ഞാൻ കരുതുന്നു“. എല്ലായ്പ്പോഴും നാം അദ്ദേഹത്തിൻെറ ഒപ്പമുണ്ടായിരിക്കണം എന്നാണിത് നമ്മെ ഓർമ്മിപ്പിക്കുന്നത്.



## ഓഷ്യാനിയ, തെക്കെ ആഫ്രിക്ക സെമിനാർ

**16–22 ഡിസമ്പർ 2011**

“ഞാൻ എല്ലായ്പ്പോഴും അദ്ദേഹത്തിൻേറതായിരുന്നു, പക്ഷേ അദ്ദേഹം എപ്പോഴെങ്കിലും എൻേറതായിരുന്നോ?”

സെമിനാറിൽ പങ്കെടുക്കാനെത്തിയവർക്ക് രണ്ടു ദിവസമായിട്ടും മാസ്റ്ററെ കാണുവാൻ സാധിച്ചില്ല; നിശ്ശബ്ദമായ സന്ദേശം, അദ്ദേഹത്തെ ആന്തരികമായി അന്വേഷിക്കുവാനും അദ്ദേഹത്തിൻെറ സാന്നിദ്ധ്യം ആന്തരികമായി അനുഭവിക്കുവാനും തയ്യാറാക്കുകയായിരുന്നു. ആന്തരികമായി അദ്ദേഹത്തെ കണ്ടെത്തേണ്ടതെങ്ങിനെയെന്നും “അദ്ദേഹത്തെ നമ്മുടേതായി നാം പൂർണ്ണമായി സ്വീകരിച്ചുവോ” എന്നതും ആയ ഈ സെമിനാറിൻെറ ചിന്താവിഷയം ഇങ്ങനെ പ്രചോദിതമായി. 18 ന് ഞായറാഴ്ച മാസ്റ്റർ സത്സംഗം നടത്തി. വിവിധ പ്രഭാഷകരുടെ ഉത്തേജിപ്പിക്കുന്ന പ്രഭാഷണങ്ങളിലൂടെ പരിപാടിക്ക് തുടക്കമായി. ‘ഹൃദയവാണി’ യെപ്പറ്റി സഹോ.സന്തോഷ് സംസാരിച്ചു. മാസ്റ്ററുടെ ദർശനങ്ങൾ തന്നെയാവണം നമ്മുടെയെല്ലാവരുടേതെന്നും നമുക്ക് നമ്മുടേതായി പ്രത്യേകമായി വീക്ഷണങ്ങൾ ഉണ്ടാവരുതെന്ന് മാസ്റ്റർ ആഗ്രഹിക്കുന്നതായി വിശദീകരിക്കപ്പെട്ടു. ‘സഹോദരമനോഭാവ’ ത്തെപ്പറ്റി പിറ്റേ ദിവസം സംസാരിച്ച സഹോ.കൃഷ്ണ മാസ്റ്ററുടെ ചിന്താതരംഗം നമ്മിൽ മാറ്റൊലി കൊള്ളേണ്ടത് എത്രത്തോളം പ്രധാനമാണെന്നത് സൂചിപ്പിച്ചു. 20ന് സഹോ.കമലേഷ് പരിശീലനത്തിലുണ്ടാവേണ്ട കൃത്യതയെപ്പറ്റി സംസാരിച്ചു.

21 ന് ആസ്ട്രേലിയ, ന്യൂസിലാൻറ് എന്നീ രാജ്യങ്ങളുടെ AGMൽ മാസ്റ്റർ പങ്കെടുത്തു. സ്വദേശാഭിമാനം വെടിഞ്ഞ് ഒന്നാകണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മനോരാജ്യത്തെയും പരമാർത്ഥത്തെയും പറ്റി വിവരിച്ച അദ്ദേഹം, ആസ്ട്രേലിയയുടെ തീരത്തുകൂടി യാത്ര ചെയ്യാൻ ആഗ്രഹമുണ്ടെങ്കിലും യഥാർത്ഥത്തിൽ തനിക്ക് പ്രായമായതുകൊണ്ട് അതിനാവില്ല എന്ന് പറഞ്ഞു. പങ്കെടുക്കുന്നവരോടൊപ്പം ഭക്ഷണം കഴിച്ച അദ്ദേഹം അവർക്കായി ബർഗറും ചിപ്സും ഒരുക്കി.

ഓഷ്യാനിയ, തെക്കൻ ആഫ്രിക്കയിലെ യുവാക്കൾക്കായുള്ള ഒരു സെമിനാർ ഡിസമ്പർ 17–20 തിയതികളിൽ സംഘടിപ്പിച്ചു. എൺപതോളം യുവാക്കൾ പങ്കെടുത്ത സെമിനാറിൻെറ പ്രതിപാദ്യ വിഷയം “അദ്ദേഹത്തിൻെറ കാലടികളെ പിന്തുടരുക” എന്നതായിരുന്നു. ന്യൂസിലാൻറ്, ആസ്ട്രേലിയ, തെക്കെ ആഫ്രിക്ക എന്നിവിടങ്ങളിൽനിന്നും കൂടാതെ ഇന്ത്യയിൽ നിന്നും കുറച്ചു പേരും ഈ പരിപാടിയിൽ പങ്കെടുത്തു. നാലു ദിവസം നീണ്ട സെമിനാറിൽ ചർച്ചകൾ, വിവിധ പരിപാടികൾ, സത്സംഗം തുടങ്ങിയവയുണ്ടായിരുന്നു. അവസാന ദിവസം ഓരോ സംഘവും ലഘുനാടകമോ, പാട്ടോ, മറ്റു പരിപാടികളോ അവതരിപ്പിച്ചു. ഹൃദയപൂർവമായ സംഭാഷണങ്ങൾ ഏവരേയും പരസ്പരം അടുപ്പിച്ചു. ‘നാം ഒന്നാണ്’ എന്ന തോന്നൽ എല്ലാവരിലും ഉടലെടുത്തു. പങ്കെടുത്ത യുവാക്കൾ, എല്ലാവരുമായി ഇടപെടാനും ,ആശയങ്ങൾ പരസ്പരം പങ്കുവെക്കാനും സാധിച്ചതിൽ സന്തുഷ്ടരായിരുന്നു. ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് നാം എന്താകണമെന്ന് അദ്ദേഹം ഉദ്ദേശിക്കുന്നുവോ എന്നതിലും സ്നേഹപൂർവം ഒരുമിച്ച് ജോലികൾ ചെയ്യുന്നതിലുമായിരിക്കണം.

## അഭ്യാസികളുടെ ഉജ്ജ്വലമായ ചർച്ചാ യോഗം

### റാഞ്ചി, ഝാർക്കണ്ട്

2011 ഒക്റ്റോബർ 28-ന് റാഞ്ചി കേന്ദ്രത്തിൽ ഒരു ചർച്ചാ യോഗം സംഘടിപ്പിച്ചു. റാഞ്ചിയിലെ അഭ്യാസികളുടെ തരവും എണ്ണവും വർദ്ധിപ്പിക്കാൻ ആവശ്യമായ വഴികൾ ചർച്ച ചെയ്യാൻ ഈ അഭ്യാസികളെ മൂന്നു സംഘങ്ങളായി തിരിച്ചു. വിവിധ കർമ്മ പരിപാടികൾ ഇവർ ആസൂത്രണം ചെയ്തു. വീഴ്ച വരുത്താതെ അഭ്യാസികളെ വ്യക്തിഗത സിറ്റിംഗ് എടുക്കാനും, സത്സംഗം, ഭണ്ഡാര എന്നിവയിൽ പങ്കെടുക്കാനും പ്രേരിപ്പിക്കാൻ ഈ യോഗം തീരുമാനിച്ചു. മുൻകൂട്ടി ആവിഷ്ക്കരണം ചെയ്ത് മുഴുദിന പരിപാടികളും ഗൃഹ സദസ്സുകളും നടത്താനും തീരുമാനിച്ചു. 'സ്നേഹത്തോടുകൂടിയ സേവനം' എന്ന വിഷയത്തെപ്പറ്റി സഹോദരൻ രാകേഷും സഹോദരി കഞ്ചനും നടത്തിയ പ്രഭാഷണത്തോടെ ഈ യോഗം അവസാനിച്ചു.



## ഗൃഹ സദസ്സുകൾ

### ദുർഗാപ്പൂർ, പശ്ചിമ ബംഗാൾ

2011 നവംബർ 13-ന സഹോദരൻ എൻ. പി. ചക്രവർത്തിയുടെ വീട്ടിൽ വച്ച് സഹോദരി അനിത ജൈനും സഹോദരൻ അരുൺ ലതിയയും സഹോദരൻ പരിമളും ദുർഗാപ്പൂരിലെ അഭ്യാസികളുമായി ഒരു ചർച്ച യോഗം നടത്തി. 'സഹജമാർഗ പരിശീലനവും പദ്ധതിയും' എന്നതായിരുന്നു വിഷയം. സഹജമാർഗ പരിശീലനത്തെപ്പറ്റിയും അഭ്യാസികളുടെ തരം എപ്രകാരം ഉയർത്താം എന്നതിനെപ്പറ്റിയും വളരെയേറെ ചോദ്യങ്ങൾ ഉണ്ടായിരുന്നു. മാസ്റ്ററുടെ കൃപയാലും അഭ്യാസികൾ ക്രിയാത്മകമായി പങ്കെടുത്തതിനാലും എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകാൻ കഴിഞ്ഞു. പരിപാടി വളരെ തൃപ്തികരമായ ഒന്നായിരുന്നു.

### നാസിക്, മഹാരാഷ്ട്ര

2011 ഡിസംബർ 8-ന രാജ്യരക്ഷാ വിഭാഗത്തിലെ ഉദ്യോഗസ്ഥരും അവരുടെ പത്നിമാരും സ്കൂൾ അദ്ധ്യാപകരും ചേർന്ന് 12 പേർ സഹോദരൻ സുനിൽ ചന്ദ്രൻെറ വീട്ടിൽ ഒത്തുകൂടി. സഹജമാർഗത്തിൻെറ പ്രാധാന്യത്തെക്കുറിച്ചും, സന്തുലിത ജീവിതത്തോടുകൂടിയ മനുഷ്യപരിണാമത്തിനു സഹജമാർഗം എപ്രകാരം സഹായിക്കുന്നു എന്നതിനെപ്പറ്റിയും നാസിക് സെൻറർ-ഇൻ-ചാർജ് സഹോദരി അനസൂയ രാമചന്ദ്രൻ ഉദാഹരണ സഹിതം വിവരിച്ചുകൊടുത്തു. വ്യക്തിഗത അനുഭവങ്ങളെപ്പറ്റി ഏറെ സംശയങ്ങൾ ഉണ്ടായിരുന്നു. ആത്മീയതയുടെ എല്ലാ ഭാഗങ്ങളെപ്പറ്റിയും ഉള്ള ചർച്ചകളിൽ അവർ അതീവ താത്പര്യം പ്രകടിപ്പിച്ചു. പലരും അവിടുത്തെ പ്രിഫെക്റ്റുകളെബന്ധപ്പെടാനുള്ള വിവരങ്ങൾ അന്വേഷിച്ചു. ആ വിവരങ്ങൾ അവർക്ക് നൽകുകയും ചെയ്തു.



## സഹായകരമായ ശിൽപ്പശാലകൾ

### മുംബൈ, മഹാരാഷ്ട്ര

"കാര്യത്തെക്കാൾ പ്രധാനമാണ് അത് കൈകാര്യം ചെയ്യുന്ന വിധം."

'സുഗമമായവഴി' ഉപയോഗിച്ച് അഭ്യാസികളുടെ പരിശീലന പരിപാടികൾ എങ്ങനെ കാര്യക്ഷമമായതാക്കിത്തീർക്കാം എന്നതിനെക്കുറിച്ച് ഇന്ത്യയിൽ നിന്നും വിദേശത്തുനിന്നും വന്ന 65 വിദഗ്ധർക്ക് 2011 ഒക്റ്റോബറിൽ ഒരു തീവ്ര പരിശീലന പരിപാടി നടത്തി. ആത്മവിശ്വാസം വളർത്തുന്ന ചെറിയ-ചെറിയ സംഘങ്ങൾ വഴി പ്രവർത്തിക്കുന്നതിനെ ഈ പദ്ധതി പ്രോത്സാഹിപ്പിക്കുന്നു. ഇത്തരം ചെറിയ സംഘങ്ങളിൽ അന്യോന്യം വിശ്വാസം വളരുകയും തദ്വാര പങ്കെടുക്കുന്ന ഓരോ വ്യക്തിയിലും അന്തരംഗ വികാസം സാധ്യമാകുകയും ചെയ്യുന്നു. ആശയവിനിമയം സൂക്ഷ്മതരത്തിൽ നടക്കുന്നതിനാൽ (ഉച്ചഭാഷിണി ഉപയോഗിച്ചു നടത്തുന്ന പ്രസംഗങ്ങൾ അല്ലാത്തതിനാൽ) അത് ആശ്രമപരിസരത്തിന് യോജിച്ചതാണ്.

ഈ രീതി ഉപയോഗിച്ച് മുംബൈയിലേയും പൂനയിലേയും വിദഗ്ധർ രണ്ട് ശിൽപ്പശാലകൾ നടത്തി. 'ആശയവിനിമയവും സാഹോദര്യവും' ആയിരുന്നു വിഷയം. ആദ്യത്തേത് 65 അഭ്യാസികൾക്കായി നവംബർ 20-നും രണ്ടാമത്തേത് 36 പ്രിഫെക്റ്റ്മാർക്കായി ഡിസംബർ 4-നും ആയിരുന്നു.

മാതാപിതാക്കളും മക്കളും തമ്മിലുള്ള ആശയവിനിമയ മാർഗം ഉപയോഗിച്ച് 8-12 പേർ പങ്കെടുത്ത ചെറിയ സംഘങ്ങൾ വഴിയായിരുന്നു ചർച്ചകൾ നടത്തിയത്. മാസ്റ്ററുടെ പുസ്തകങ്ങൾ, പ്രകാശ ലോകത്തു നിന്നുള്ള മന്ത്രണങ്ങൾ എന്നിവയിൽ നിന്നുള്ള ആശയങ്ങൾ ഉപയോഗിച്ചാണ് ചർച്ചകൾ നടത്തിയത്. ഇതിൽ പങ്കെടുത്തവർക്കെല്ലാവർക്കും വളരെ നല്ല



എക്കോസ് ഇന്ത്യ വാർത്താപത്രിക

## വിചിന്തനത്തിനായൊരു സമയം



### വാശി, മുംബൈ

എല്ലാ മാസത്തിലും രണ്ടാം ശനിയാഴ്ച മുംബൈയിലെ വാശിക്കടുത്തുള്ള അഭ്യാസികൾ ഒത്തുചേരാറുണ്ട്. ആദ്യത്തെ ഒത്തുചേരൽ സഹോദരൻ രമണിയുടെ വീട്ടിൽ വെച്ചായിരുന്നു. 'പ്രാർത്ഥന' ആയിരുന്നു അവിടെ ചർച്ച ചെയ്യപ്പെട്ട വിഷയം. പങ്കെടുത്തവരെ ചെറിയ സംഘങ്ങളായി തിരിച്ചു ഈ വിഷയത്തെപ്പറ്റി ചർച്ച ചെയ്തു, പ്രധാന കാര്യങ്ങൾ എഴുതിയെടുത്തു. എല്ലാ അഭ്യാസികളും ഈ വിഷയത്തെപ്പറ്റി ഗാഢമായി ആലോചിച്ചു ഒന്നു-രണ്ടു മിനിറ്റ് നേരം സംസാരിച്ചു. പത്തു മിനിറ്റ് നേരത്തെ പ്രർഥനാ ധ്യാനത്തോടുകൂടി പരിപാടി അവസാനിച്ചു. ഇത്തരം യോഗങ്ങൾ വിവിധ അഭ്യാസികളുടെ വീടുകളിൽ പല വിഷയങ്ങൾ ചർച്ച ചെയ്യാനായി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ആദ്യം സഹജ മാർഗ പരിശീലനത്തെപ്പറ്റിയും പിന്നീട് സഹജമാർഗത്തിലെ ഉയർന്ന തത്വങ്ങളെപ്പറ്റിയും ചിന്തിച്ച് ചർച്ച ചെയ്യാനാണ് ഉദ്ദേശ്യം.

### ഗുൽബർഗ, കർണാടക

നവംബർ 7–ന സഹോ. മഹേഷ് ദേഷ്പാണ്ടെയുടെ ഗൃഹത്തിൽ ഏകദേശം 20 അഭ്യാസികൾ ഒത്തുചേർന്നു. 'ക്രമാനുഗതമായ ഉദ്ദേശപരമായ പരിശീലനം' എന്ന മാസ്റ്ററുടെ പ്രഭാഷണ വീഡിയൊ പ്രദർശനത്തിനു ശേഷം സാർവലൗകിക പ്രാർഥന നടത്തി. അതിനുശേഷം പൊതുവായ ചർച്ചയും അഭ്യാസികൾ പരസ്പരം പരിചയപ്പെടുത്തലും ചായ സമയത്ത് നടന്നു. വളരെ അനുഗ്രഹീതമായ ഒരു അന്തരീക്ഷം അവിടെ നിലനിൽക്കുന്നതായും മാസ്റ്ററുടെ സാന്നിദ്ധ്യം അനുഭവപ്പെട്ടതായും അഭ്യാസികൾ വിവരിച്ചു.



### വഡോദര, ഗുജറാത്ത്

'ക്ഷമയാണ് സ്വഭാവം' എന്ന വിഷയത്തെപ്പറ്റി പര്യാലോചിക്കാനും, ചർച്ച ചെയ്യാനും 2011 ഡിസംബർ 17–ന വഡോദരയിലെ സുന്ദർവൻ സൊസൈറ്റിയിൽ ഒരു സംഘം അഭ്യാസികൾ ഒത്തുചേർന്നു. അൽപ നേരം മൗനമായിരുന്ന് മാസ്റ്ററുമായി ബന്ധം പുലർത്തി ഇതിനു മുമ്പു നടന്ന 'പെരുമാറ്റം' എന്ന വിഷയത്തെപ്പറ്റി പരിചിന്തിച്ചതിനുശേഷമാണ് പരിപാടി ആരംഭിച്ചത്. അങ്ങിനെ പരിപാടി മുന്നേറിക്കൊണ്ടിരിക്കുമ്പോൾ ഓരോരുത്തരും തങ്ങളുടെ മുൻ കാലങ്ങളിൽ അത്തരം സന്ദർഭങ്ങളിൽ എങ്ങനെ പ്രതികരിച്ചു എന്നു പരിചിന്തിച്ചു. തങ്ങളുടെ സ്വഭാവത്തിൽ ഒരു മാറ്റം ആവശ്യമാണെന്നത് അവർക്കു മനസ്സിലായി. തന്നിൽ ഒരു സന്തുലിതാവസ്ഥയും തന്മീയഭാവശക്തിയും വളർത്തിയെടുക്കുകയും ചെയ്യാൻ ശ്രമം നടത്തേണ്ട ആവശ്യകത അവർക്കു മനസ്സിലായി. സമർപ്പണഭാവത്തിൽ കൃയാത്മകമായ വിധത്തിൽ സന്ദർഭങ്ങളെകൈകാര്യം ചെയ്യാനുള്ള കഴിവ് ഇത് അവരിൽ വളർത്തിയെടുക്കും. അതായത്, വെർണർ എർഹാർഡ് പറഞ്ഞതുപോലെ "എല്ലാ സമയത്തും, എല്ലാ സാഹചര്യങ്ങളിലും നമുക്കു നമ്മെ ഉന്നതിയിലേക്കു വളർത്താനുള്ള കഴിവ് നമ്മിൽ തന്നെ ഉണ്ട്."

നമ്മുടെ ചിന്തകളിലും, നിർദ്ദേശങ്ങളിലും സൂക്ഷ്മത വളർത്തിയെടുക്കാൻ നാം ശ്രമിക്കണം എന്ന ആശയത്തോടെ യോഗം അവസാനിച്ചു. ഇതു നമ്മിൽ ആത്മീയ ലാഘവത്വവും ശാന്തിയും സമാധാനവും സൃഷ്ടിക്കും.

## ചെന്നൈയിലെ യുവാക്കളുടെ യോഗം

### നാട്രമ്പള്ളി ആശ്രമം



ഒക്റ്റോബർ 15–16 തിയ്യതികളിൽ നാട്രമ്പള്ളി ആശ്രമത്തിൽ 18–നും 30–നും ഇടയിൽ പ്രായമുള്ള അഭ്യാസികൾ ഒന്നിച്ചു ചേർന്നു. 'ആത്മീയ യാത്ര' എന്ന തത്വത്തിൻെറ അടിസ്ഥാനത്തിൽ രൂപമെടുത്ത ഈ പരിപാടി ആരംഭിച്ചത് ചെന്നൈയിൽ നിന്നും നാട്രമ്പള്ളിയിലേക്കുള്ള ഒരു ബസ് യാത്രയോടുകൂടിയാണ്. ഇതിൽ 5 പ്രിഫെക്റ്റ്മാരും പങ്കെടുത്തു.

നാട്രമ്പള്ളിയിൽ ഈ പരിപാടി ആരംഭിച്ചത് പ്രഭാത സവാരിയുമായാണ്. 'മിഷൻ എന്ന ആത്മീയ മന്ദിരം' എന്ന വിഷയം അവതരിപ്പിച്ചതിനുശേഷം മാസ്റ്ററുടെ ലക്ഷ്യം സഫലീകൃതമാക്കുന്നതിൽ അഭ്യാസിയുടെ പങ്ക് ചർച്ച ചെയ്യപ്പെട്ടു. ചെറു സംഘങ്ങൾ അവിടെ നടത്തിയ കർമ്മപരിപാടികൾ തമാശ നിറഞ്ഞ പഠനക്ലാസുകളായിരുന്നു. 'മാസ്റ്ററുമായി ബന്ധം', മാസ്റ്ററോട് എപ്രകാരം സ്നേഹം വളർത്താം എന്നീ കാര്യങ്ങൾ ചർച്ച ചെയ്തപ്പോൾ അഭ്യാസികളുടെ ശ്രദ്ധ ഏകീകരിച്ചതായിരുന്നു.

സഹജമാർഗ സാഹിത്യങ്ങളെക്കുറിച്ചുള്ള ഒരു കടംകഥയും, തമാശ നിറഞ്ഞ കളിയും അഭ്യാസികളെ ഉണർവുള്ളവരാക്കി. എല്ലാ അഭ്യാസികളുടേയും ഉദ്യാനത്തിലുള്ള പ്രവർത്തനത്തോടുകൂടി പരിപാടി അവസാനിച്ചു.

എല്ലാ അഭ്യാസികൾക്കും മാസ്റ്ററുടെ ഫോട്ടോ വിതരണം ചെയ്തു. പ്രശാന്തമായ, ആത്മീയത നിറഞ്ഞ ആ അന്തരീക്ഷം എല്ലാവരും ആസ്വദിച്ചു. എല്ലാവർക്കും നവോന്മേഷം ലഭിച്ചതായി അനുഭവപ്പെട്ടു.

# എക്കോസ് ഇന്ത്യ വാർത്താപത്രിക







## മാനവികോദ്ഗ്രഥനത്തിനുവേണ്ടിയുള്ള ശിൽപശാല

### ഗ്വാളിയോർ, മദ്ധ്യപ്രദേശ്

മാനവികോദ്ഗ്രഥനം എന്ന വിഷയത്തെ കുറിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി ഒക്ടോബർ 14 മുതൽ 16 വരെ ഒരു ത്രിദിന ശിൽപശാല സോണൽ തലത്തിൽ ഗ്വാളിയോറിൽ സംഘടിപ്പിക്കുകയുണ്ടായി. അമ്പത്തിനാലു പേർ ഈ ശിൽപശാലയിൽ പങ്കെടുത്തു. 14-ാംതിയ്യതി അഭ്യാസികൾ ഒത്തുചേർന്ന് രജിസ്ട്രേഷനും വ്യക്തിഗത സിറ്റിംഗും സംഘടിപ്പിച്ചു. വൈകുന്നേരത്തെ സത്സംഗത്തിനുശേഷം സഹോ.നാരായൺ സിംഗ് അഭ്യാസികളെ സ്വാഗതം ചെയ്തു.

അടുത്ത ദിവസം, സഹോ.കമൽ വാദ്ധ്വ, സഹോ.യോഗേഷ് ഖണ്ഡേൽവാൽ, സഹോ. രാം കിശോർ എന്നിവർ വിശ്വ സാഹോദര്യം ലക്ഷ്യം വെച്ചു കൊണ്ട് "ഒരു ലോകം, ഒരു മാനവികത" എന്ന വിഷയത്തെക്കുറിച്ച് സെമിനാർ നടത്തി. ഭോപ്പാലിൽനിന്നുള്ള ആർ.കെ. ശ്രീ വാസ്തവയും സംഘവും ചേർന്ന് സ്വഭാവ രൂപീകരണം എന്ന വിഷയത്തെ കുറിച്ച് സംസാരിച്ചു. ഈ രണ്ടു വിഷയങ്ങളും ചർച്ചാ രൂപത്തിലാണ് അവതരിപ്പിച്ചത്. അഭ്യാസികൾക്ക് ആത്മ പരിശോധന നടത്തുന്നതിനുള്ള അവസരവും ലഭിച്ചിരുന്നു. വൈകുന്നേരം വ്യക്തിഗത സിറ്റിംഗുകൾ, സത്സംഗം, കലാപരിപാടികൾ, സാർവ്വ ലൗകിക പ്രാർത്ഥന എന്നിവക്കായി മാറ്റിവെച്ചിരുന്നു.

16-ാംതിയതി രാവിലെ സത്സംഗത്തിനുശേഷം, സഹോ. ശിരീഷ് 'ദിൽ കി ആവാസ് 2007' എന്ന പുസ്തകത്തിൽ നിന്നും കുറച്ചു പേജുകൾ വായിക്കുകയുണ്ടായി. തുടർന്ന് സഹോ. വികൽപ്, സോണൽ ഇൻ ചാർജ് സംസാരിച്ചു. ഇത് അഭ്യാസികൾക്ക് ഉത്സാഹം നൽകുന്ന വിധത്തിലായിരുന്നു. പരിശീലനത്തിനെത്തിയവർക്ക് അവിടത്തെ ആശ്രമ നിർമ്മാണം തുടങ്ങുന്നത് ദർശിക്കുവാനുള്ള ഭാഗ്യം ലഭിച്ചു. അവസാനത്തെ ദിവസം മാസ്ടറുമായുള്ള ബന്ധം വളർത്തുക എന്ന വിഷയമായിരുന്നു ചർച്ചക്കുണ്ടായിരുന്നത്. ഇതവതരിപ്പിച്ചത് ഗ്വാളിയോറിൽ നിന്നുള്ള സഹോ.ശിവകുമാറും സംഘവുമായിരുന്നു. സഹോ.ശിവകുമാർ, സഹോ. മനു ചോപ്ര, സഹോ.അർച്ചന സഹോ. വന്ദന എന്നിവരായിരുന്നു ഈ പ്രോഗ്രാമിന് നേതൃത്വം നൽകിയത്.

## കായിക ദിനം

### പൂനെ, മഹരാഷ്ട്ര

സഹോ. രാംനാഥിൻെറ ഉത്സാഹത്തിൽ നാൻഡെഡിലെ ഫാട്ട ആശ്രമത്തിൽ ഒക്ടോബർ എട്ടിനും ഒമ്പതിനും ചേതോഹരമായ ഒരു കായിക വാരാന്ത്യം സംഘടിപ്പിച്ചു. ആദ്യത്തെ ദിവസം 18 മുതൽ 30 വരെ വയസ്സുള്ള യുവാക്കൾക്കു വേണ്ടിയായിരുന്നു. അതിനടുത്ത ദിവസം കുട്ടികൾക്കും മുപ്പതു വയസ്സിന് മുകളിലുള്ളവർക്കുമായിരുന്നു.

പോസ്റ്ററുകളും മാസ്റ്റർ വിവിധ തരം കായിക വിഷയങ്ങളിൽ പങ്കെടുക്കുന്നതിൻെറ പടങ്ങളും ഉദ്ധരണികളും ബലൂണുകളും എല്ലാം തയ്യാറായിരുന്നു. ശനിയാഴ്ച ദിവസം ഉണർവ്വും ഉത്സാഹത്തോടും കൂടി ക്രിക്കറ്റ് ആരംഭിച്ചു. ഈ കളിയോടുകൂടി സങ്കോചം വെടിഞ്ഞ് എല്ലാവരും നാരങ്ങ റേയ്സ്, പുസ്തകം തലയിൽ വെച്ച് നടക്കുന്ന കളി, കാരംസ്, ചെസ്സ് മുതലായ കളികൾ ആരംഭിച്ചു. ക്ഷീണിതരായവർ വളൻറിയർമാർ തയ്യാറാക്കിയിരുന്ന ലഘു ഭക്ഷണവും ഉച്ച ഭക്ഷണവും കഴിച്ചു വിശ്രമിച്ചു.

ഞായറാഴ്ച സത്സംഗത്തിനു ശേഷം അതേ കളികളിൽ 30 വയസ്സിന് മുകളിലുള്ളവർ പങ്കെടുത്തു. ഈ മത്സരങ്ങൾ അഭ്യാസികളുടെ സ്പോർട്സ്മാൻഷിപ്പ് ഉയർത്തുകയും അവരിൽ ഐക്യവും സാഹോദര്യവും വളരുന്നതിന് സഹായിക്കുകയും ചെയ്തു.

## കുട്ടികളുടെ പ്രോഗ്രാം

### ബറേലി, ഉത്തർപ്രദേശ്

നവമ്പർ 14 മുതൽ 16 വരെ ബറേലി സെൻറർ കുട്ടികളുടെ ഒരു പ്രോഗ്രാം സംഘടിപ്പിക്കുകയുണ്ടായി. ഡോ. ജി.എം. ഭട്നാഗർ പരിപാടി ഉദ്ഘാടനം ചെതുകൊണ്ട് പുരാണ ശാസ്ത്രങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള മൂല്യങ്ങളെക്കുറിച്ച് സംസാരിക്കുകയുണ്ടായി. വൈകുന്നേരം 3 മുതൽ 6 വരെ നീണ്ടുനിന്ന പരിപാടി മിഷൻെറ പ്രാർത്ഥനയോടുകൂടിയാണ് ആരംഭിച്ചത്. 'സ്വയം അവബോധവും സ്വയം കൈകാര്യം ചെയ്യലും', 'നാമെല്ലാം ഒന്നാണ്, ഒരുപോലെയാണ്' , 'ആരോഗ്യവും ജീവിത താളവും'എന്നീ വിഷയങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ ഉണ്ടായി. ഡ്രോയിംഗ്, പെയിൻറിംഗ്, ക്വിസ്, പാട്ടു മത്സരങ്ങൾ മുതലായവ മൂന്ന് ദിവസങ്ങളിലായി ചിട്ടപ്പെടുത്തിയിരുന്നു. സഹോ. സഞ്ജീവ്, സഹോ. പ്രവീൺ, സഹോ. രവീന്ദ്ര, സഹോ.ബിമല, സഹോ.ശശി മറ്റു വളൻറിയർമാർ മുതലായവരാണ് പരിപാടികൾക്ക് പിന്നിൽ പ്രവർത്തിച്ചിരുന്നത്. റെയിൽവെ പ്രൊട്ടക്ഷൻ ഫോഴ്സിൻെറ പ്രവർത്തനങ്ങൾ, ആരോഗ്യവും മുൻകരുതലും, വെൽഡിംഗ് മെഷീൻെറ ഉപയോഗവും പ്രവർത്തനങ്ങളും തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള അറിവ് കുട്ടികൾക്ക് വളരെ വിജ്ഞാനപ്രദമായിരുന്നു. കമ്പ്യൂട്ടറിൻെറ സഹായത്തോടെ കേണൽ നിതീഷ് അവതരിപ്പിച്ച രാജ്യസ്നേഹം, രാജ്യഭക്തി, ദേശീയ ഗാനത്തിൻെറ ആരംഭം, ബഹുമതി, ധൈര്യം, നേതൃത്വ പാടവം, സദാചാര മൂല്യങ്ങൾ എന്നിവയെക്കുറിച്ചുള്ള ചർച്ച എല്ലാവർക്കും ഹൃദയസ്പർശിയായിരുന്നു. മൊത്തത്തിൽ കുട്ടികൾക്ക് ഉത്സാഹവും മറ്റുള്ളവരിൽ ഉണർവ്വുള്ളതായി കണ്ടു.



### തിരുപ്പൂർ, തമിഴ്നാട്

നവമ്പർ 14ന് ശിശുദിനം തിരുപ്പൂരിലെ ചെട്ടിപാളയത്തുള്ള യോഗാശ്രമത്തിൽ വെച്ച് ഗംഭീരമായി നടത്തി. സമീപ പ്രദേശത്തിൽനിന്നുള്ള കുട്ടികളുടെ സാന്നിദ്ധ്യം ഈ പരിപാടിയിൽ ഉറപ്പു വരുത്തുന്നതിനുവേണ്ടി ക്ഷണക്കത്തുകൾ നേരത്തെ തന്നെ വിതരണം ചെയ്തിരുന്നു.

വൈകുന്നേരം അഞ്ചു മണിക്കു തന്നെ പരിപാടികൾ ആരംഭിച്ചു. കുട്ടികളെപ്രായത്തിനനുസരിച്ച് പ്രത്യേക ഗ്രൂപ്പുകളാക്കി തിരിച്ചതിനുശേഷം കളികളിൽ പങ്കെടുപ്പിച്ചു. സഹോ. സുന്ദരേശൻ സഹജമാർഗത്തെ ക്കുറിച്ചുള്ള ക്വിസ് പ്രോഗ്രാം നടത്തി. സ്നേഹം, അച്ചടക്കം, സദാചാരം മുതലായ വിഷയങ്ങളെ ആസ്പദമാക്കിയായിരുന്നു ക്വിസ്സ് പ്രോഗ്രാം. സോണൽ സെക്രട്ടറി വിശ്വനാഥ റാവു, ആശ്രമം മാനേജർ സഹോ.സുബ്ബരത്തിനം, സഹോ.മാരപ്പൻ, സഹോ.സരള മുതലായവർ സമ്മാനദാനം നടത്തി. എല്ലാവർക്കും ഭക്ഷണം കരുതിയിരുന്നു. കുട്ടികളെ അനുഗമിച്ചിരുന്ന രക്ഷിതാക്കൾ മിഷൻെറ പ്രവർത്തനങ്ങളെ മുക്തകണ്ഠം ശ്ലാഘിച്ചു. കുറച്ചു പേർ ധ്യാനം ആരംഭിക്കുന്നതിനുപോലും താൽപര്യം കാണിച്ചു. ആദ്ധ്യാത്മികമായ അന്തരീക്ഷത്തിൽ അത്തരം പ്രോഗ്രാം നടത്തുന്നതിൻെറ പ്രാധാന്യം തിരിച്ചറിഞ്ഞ് ഭൂരിപക്ഷം പേരും ഭാവിയിൽ ഇത്തരം ഉദ്യമങ്ങൾ ഉണ്ടാവണമെന്ന് അഭിപ്രായപ്പെട്ടു.

## മുഴുദിന പരിപാടികൾ

### കഡപ്പ, ആന്ധ്രപ്രദേശ്

ഡിസമ്പർ 4, 2011 ന് ആന്ധ്രപ്രദേശിലെ കഡപ്പ സെൻററിൽ വെച്ച് ഒരു മുഴുദിന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. 31 അഭ്യാസികൾ ഇതിൽ പങ്കെടുത്തു. "കോൺസ്റ്റൻറ് റിമമ്പറൻസ്" എന്ന പ്രസിദ്ധീകരണത്തിൽ വന്ന 'സ്വഭാവ രൂപീകരണം, യഥാർത്ഥ സാധന' എന്നീ രണ്ടു വിഷയങ്ങൾ ആയിരുന്നു പരിപാടിയിലെ ചർച്ചാ വിഷയം. ഇംഗ്ലീഷ് അറിയാത്ത പലർക്കും തെലുങ്കിൽ നടന്ന ഈ ചർച്ചയുടെ ഗുണം ലഭിച്ചു എന്ന് എല്ലാവർക്കും ബോദ്ധ്യമായി.


കഡപ്പ


മംഗലാപുരം

പരിപാടിയുടെ അവസാനത്തിൽ കുട്ടികളുടെ വക ഒരു കൊച്ചു ഡ്രാമയും ഉണ്ടായിരുന്നു. സഹജമാർഗത്തിൻെറ പ്രാധാന്യം മറ്റുള്ളവരുമായി പങ്കു വെക്കുന്നതിലൂടെ എങ്ങനെ ലക്ഷ്യത്തിലെത്തിച്ചേരാം എന്ന് അതിലൂടെ അവർ അവതരിപ്പിച്ചു.

### മംഗലാപുരം, ദക്ഷിണ കർണ്ണാടക

എൻെറ ഗുരു എന്ന വിഷയത്തെ ആധാരമാക്കി ഒരു പൂർണ്ണദിന പരിപാടി ഡിസമ്പർ 4 ,2011 ന് മംഗലാപുരം കേന്ദ്രത്തിൽ വെച്ച് നടത്തുകയുണ്ടായി. രണ്ടാഴ്ച്ച മുമ്പുതന്നെ ഇതിനായി തയ്യാറായി വരുവാൻ അഭ്യാസികൾക്ക് നിർദ്ദേശമുണ്ടായിരുന്നു. സത്സംഗത്തിനുശേഷം മാസ്റ്ററുടെ പ്രഭാഷണത്തിൻെറ സി.ഡി. യും കേൾപ്പിക്കുകയുണ്ടായി. നേരത്തെ തയ്യാറായി വന്ന അഭ്യാസികൾ "എൻെറ ഗുരു" എന്ന പുസ്തകത്തിൻെറ പ്രസക്തമായ ഭാഗങ്ങളെക്കുറിച്ച് സംസാരിച്ചു. ഉച്ചഭക്ഷണത്തിനുശേഷം മണപ്പാക്കത്തു നടന്ന യൂറോപ്യൻ സെമിനാറിൻെറ ഡി വി ഡി പ്രകാശനവുമുണ്ടായി. തുടർന്ന് സത്സംഗത്തിൻെറ പ്രാധാന്യത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു പരിശീലന പരിപാടിയും നടത്തി. മുബൈയിൽനിന്നുള്ള രണ്ട് യുവ അഭ്യാസികളായിരുന്നു ഇതിന് ചുക്കാൻ പിടിച്ചത്.

പ്രാർത്ഥനയോടെ ആരംഭിച്ച സെഷനിൽ അഭ്യാസികളെരണ്ടു വീതമുള്ള ജോടികളായി തിരിച്ചു. എന്തുകൊണ്ട് സത്സംഗത്തിൽ പങ്കെടുക്കുവാൻ സാധിക്കുന്നില്ല എന്നതിൻെറ കാരണം കണ്ടുപിടിക്കുകയായിരുന്നു ഈ ആത്മപരിശോധനയുടെ ലക്ഷ്യം. അതിനുശേഷം അത് അവർ മറ്റുള്ളവരുമായി പങ്കുവെച്ചു. തുടർന്ന് സത്സംഗത്തെക്കുറിച്ച്' മാസ്റ്റർ പരാമർശിച്ചിരുന്ന ഭാഗങ്ങളുടെ പ്രകാശനമുണ്ടായി. പിന്നീട് ചർച്ചകളും ആത്മപരിശോധനകളുമുണ്ടായി.

### വിരുതനഗർ, തമിഴ്നാട്

നാൽപതോളം അഭ്യാസികൾ ജനുവരി 16 ന്, വിരുതനഗറിനും പരിസരത്തുനിന്നുമായി ചിന്നവള്ളിക്കുളത്തുള്ള ആശ്രമത്തിൽ ഒത്തുകൂടി. ഒരു ദിവസം മുഴുവൻ അവിടെ ചിലവഴിച്ചു. രാവിലെ സത്സംഗത്തിനും പ്രാതലിനും ശേഷം പരിപാടി ആരംഭിക്കുവാൻ അഭ്യാസികൾ ആവേശഭരിതരായിരുന്നു. കഴിഞ്ഞ മാസത്തെ അപൂർണ്ണമായ ചർച്ചയുടെ തുടർച്ചയെന്നോണമായിരുന്നു അന്നത്തെ പരിപാടി ആസൂത്രണം ചെയ്തിരുന്നത്. അഭ്യാസികളെ ചെറു ഗ്രൂപ്പുകളായി തിരിച്ച് "നല്ലൊരു അഭ്യാസിയായി മാറുക" എന്ന വിഷയം ചർച്ചക്കായി നൽകി. ചർച്ചക്കുശേഷം ഗ്രൂപ്പ് ലീഡർമാർ ചർച്ചയിലെ പ്രസക്ത കാര്യങ്ങൾ അവതരിപ്പിച്ചു.



വിരുതനഗർ


ബെല്ലാരി

പുതിയ പല കാര്യങ്ങളും ചർച്ചയിൽ പൊന്തിവന്നു. പലർക്കും മാസ്റ്ററുടെ സാന്നിദ്ധ്യവും മാർഗനിർദ്ദേശവും അനുഭവപ്പെട്ടതായി തോന്നി. വൈകുന്നേരത്തെ സത്സംഗത്തോടുകൂടി പരിപാടികൾക്ക് തിരശ്ശീല വീണു.

### ഹുബ്ലി, ഉത്തര കർണ്ണാടക

നവമ്പർ 13 ന് ഇവിടത്തെ യുവാക്കൾ ആസൂത്രണം ചെയ്യുകയും പരിശീലിക്കുകയും ചെയ്ത പരിപാടികൾ അവതരിപ്പിച്ചു. സത്സംഗത്തിനും പ്രാതലിനും ശേഷം അഭ്യാസികളും ആത്മീയാർത്ഥികളും തമ്മിൽ ഒരു സാങ്കൽപിക ചർച്ചയുണ്ടായിരുന്നു. രണ്ടു മണിക്കൂറോളം നീണ്ടുനിന്ന ഈ ചർച്ച വളരെ രസകരവും വിജ്ഞാനപ്രദവും ആയിരുന്നു.

നമ്മുടെ പദ്ധതിയുമായി യാതൊരു ബന്ധവുമില്ലാത്ത ചില സ്ലൈഡുകൾ കാണിച്ച്, ഗ്രൂപ്പുകളായി തിരിച്ച അഭ്യാസികളിൽ നിന്നും, അതിന് സഹജമാർഗത്തിൻെറ വെളിച്ചത്തിൽ ഒരു മുദ്രാവാക്യത്തിന് രൂപം നൽകുന്നതിന് ആവശ്യപ്പെട്ടു. ഉച്ചഭക്ഷണത്തിനുശേഷം, യുവാക്കളുടെ ഒരു ലഘു ഡ്രാമ അവതരിപ്പിക്കപ്പെട്ടു. എല്ലാ മതനേതാക്കളും പറഞ്ഞിരുന്നത് ഒന്നു തന്നെയായിരുന്നു എന്നായിരുന്നു നാടകത്തിൻെറ സന്ദേശം. പല ചിത്രങ്ങളും സംഗീതവും അതിന് അകമ്പടി സേവിച്ചിരുന്നു.

### ബെല്ലാരി, ഉത്തര കർണ്ണാടക

നവംബർ 6 നു ക്രെസ്റ്റ്, ഖരഗ്പൂരിൽ തെലുങ്കിൽ നടത്തിയ സ്വഭാവ രൂപീകരണത്തെക്കുറിച്ചുള്ള പരിശീലനപരിപാടിയിൽ പങ്കെടുത്ത മൂന്ന് അഭ്യാസികൾ, ആ പരിപാടിയെക്കുറിച്ചും അത്തരം പരിപാടികളിൽ പങ്കെടുക്കുന്നതിൻെറ ആവശ്യകതയെക്കുറിച്ചും വിശദീകരിച്ചു. അതിനുശേഷം അഭ്യാസികൾ എല്ലാവരും "പിക് ആൻഡ് സ്പീക്ക്" എന്ന പരിപാടിയിൽ പങ്കെടുത്തു. ഉച്ചഭക്ഷണത്തിനുശേഷം കുട്ടികൾ സംഘടിപ്പിച്ച ക്വിസ് പരിപാടി ഉണ്ടായിരുന്നു. തുടർന്ന് കുട്ടികൾ അവതരിപ്പിച്ച കലാപരിപാടികൾ ഉണ്ടായി.നാലുമണിക്കുള്ള സത്സംഗത്തിനുശേഷം പരിപാടികൾ സമാപിച്ചു.

എക്കോസ് ഇന്ത്യ വാർത്താപത്രിക



## ലയ യോഗാശ്രമത്തിലെ ഉദ്ഘാടന ചടങ്ങ്

### സാർനാഥ്,വാരണാസി

2011 ഡിസമ്പർ 4-ാം തിയതി വാരണാസിയിലെ സാർനാഥിലെ ലയ യോഗാശ്രമത്തിൽ പുതുതായി നിർമ്മിച്ച ധ്യാനഹാൾ, ചെന്നൈയും വാരണാസിയും തമ്മിലുണ്ടാക്കിയ വീഡിയോ ബന്ധത്തിലൂടെ പൂജ്യ മാസ്റ്റർ നിർവ്വഹിച്ചു. സഹോ. ഉമാ ശങ്കർ ബാജ്പേയ്, സെക്രട്ടറി, ജസ്റ്റീസ് ആർ.ആർ.കെ. ചതുർവേദി, സഹോ. ആശിശ് സിംഗ്, എ.കെ. ഗാർഗ്, വൈ.എൻ.പ്രസാദ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

രാവിലെ ആറരമണിക്ക് ഏകദേശം ആയിരത്തോളം വരുന്ന അഭ്യാസികൾ ധ്യാനഹാളിൽ സന്നിഹിതരായിരുന്നു. മാസ്റ്ററെ സ്ക്രീനിൽ കണ്ടതോടെ ഹാളിൽ നിറഞ്ഞ കരഘോഷം മുഴങ്ങി. മാസ്റ്ററെ കാണാനായതിൽ എല്ലാവരും സന്തുഷ്ടരായിരുന്നു. ശിലാഫലകം തുറന്നു കാണിക്കുവാൻ മാസ്റ്റർ സഹോദരൻ ബാജ്പേയിയോട് ആവശ്യപ്പെട്ടു.തുടർന്ന് അദ്ദേഹം ധ്യാനഹാൾ ബാബുജി മഹരാജിന് സമർപ്പിക്കുകയും ധ്യാനത്തിനായി ഉപയോഗിക്കുവാൻ അഭ്യാസികൾക്ക് അനുവാദം കൊടുക്കുകയും ചെയ്തു."സഹജമാർഗം സ്നേഹത്തിൻെറ പാതയാണ്.ഈ സ്ഥലം നിങ്ങളുടെ ആദ്ധ്യാത്മിക പുരോഗതിക്കായി ഉപയുക്തമാക്കണം. സഹജമാർഗത്തിൽ വിദ്വേഷത്തിന് ഇടമില്ല" എന്ന് അദ്ദേഹം പറഞ്ഞു. വീഡിയോ വഴിയുള്ള ആശയവിനിമയത്തെപ്പറ്റി പരാമർശിച്ച്, ഈ ആധുനിക കാലഘട്ടത്തിൽ നമ്മൾ വിഭിന്നരല്ല; മറിച്ച് ഒന്നാണ് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

വാരണാസി സെൻറർ-ഇൻ-ചാർജ് ഏവർക്കും സ്വാഗതമരുളി. മാസ്റ്ററുടെ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകാശിപ്പിച്ചു. സ്നേഹത്തിൻെറ പ്രാധാന്യത്തെപ്പറ്റി സഹോ.ബാജ്പേയ് കൂടുതൽ വിശദമാക്കി. ലയ യോഗാശ്രമത്തിനെപ്പറ്റിയുള്ള ചെറുവിവരണം സഹോ. എൻ.പി.സിംഗ് അവതരിപ്പിച്ചു. രണ്ടാമതു നടന്ന യോഗത്തിൽ മറ്റു സെൻററുകളിലെ അഭ്യാസികൾ സംസാരിച്ചു. തുടർന്ന് കലാപരിപാടികളും വൈകീട്ട് സത്സംഗവും നടത്തി.

## അറിയിപ്പുകൾ

### ചെന്നൈയിലെ പുതിയ സെൻറർ ഇൻ ചാർജ്

ചെന്നൈ പുതിയ സോണായി രൂപീകരിച്ചു(2 സി). സഹോ.ക്യാപ്റ്റൻ വിനീത് സിങ്ങ് റണവട് ആണ് പുതിയ സി ഐ സി.

### എക്കോസിനായി പരിഭാഷകർ

ഇംഗ്ലീഷിൽനിന്നും ഏതു ഭാഷയിലേക്കാണെങ്കിലും എക്കോസ് പരിഭാഷപ്പെടുത്തുവാൻ താത്പര്യമുള്ളവർ in.newsletter@srcm.orgലേക്ക് ഇ-മെയിൽ അയക്കുക.

### വരിക്കാരുടെ ഇ-മെയിൽ ഐ ഡി

യാഹൂ, റിഡിഫ്മെയിൽ തുടങ്ങിയ ഇ-മെയിൽ സെർവ്വറിൽ കൂടി ന്യൂസ് ലെറ്റർ വരിക്കാരായവർ ദയവായി മറ്റൊരു ഐ ഡിയിൽകൂടി വരിക്കാരാവുക. ഈ രണ്ടു സെർവ്വറുകളിലൂടെ എക്കോസ് അയക്കുന്നതിൽ ബുദ്ധിമുട്ടുള്ളതിനാലാണിത്. അസൗകര്യങ്ങൾ ദയവായി ക്ഷമിക്കുക.

### മണപ്പാക്കത്തേക്കുള്ള യാത്ര

റഷ്യയിൽനിന്നും പഴയ സി ഐ എസ് രാജ്യങ്ങളിൽനിന്നുമുള്ള അഭ്യാസികൾക്കായി ഒരു സെമിനാർ ബാബുജി മെമ്മോറിയൽ ആശ്രമത്തിൽ വെച്ച് 2012 ജനുവരി 17-24 തിയ്യതികളിൽ നടത്തുന്നതിനാൽ മറ്റു സെൻററുകളിൽ നിന്നുമുള്ള അഭ്യാസികൾ ഈ തിയ്യതികളിൽ മണപ്പാക്കത്തിലേക്കുള്ള യാത്ര ആസൂത്രണം ചെയ്യരുതെന്ന് അപേക്ഷിക്കുന്നു.

## പുതിയ പ്രകാശനങ്ങൾ

പുതുവത്സര ദിനത്തിൽ മാസ്റ്റർ മണപ്പാക്കത്തിൽ പ്രകാശനം ചെയ്ത പുസ്തകങ്ങൾ




ഡിസംബർ 2010-ൽ മണപ്പാക്കത്തുവെച്ച് നടന്ന യൂറോപ്യൻ സെമിനാറിനെ പകർത്തി ഒരു പുതിയ ഡിവിഡിയായി 'ഹെവൻ' എന്ന പേരിൽ സ്പിരിച്വൽ ഹയറാർക്കി പബ്ലിക്കേഷൻ ട്രസ്റ്റ് പ്രകാശനം ചെയ്തിരിക്കുന്നു.




സഹജ മാർഗ തത്വ സംഹിതകൾ –ഭാഗം 12 തമിഴ്



സഹജ മാർഗ തത്വ സംഹിതകൾ–ഭാഗം 14 തെലുങ്ക്




ഹൃദയവാണി 2002 ഭാഗം 2 ഇംഗ്ലീഷ്




ഫ്രൂട്ട് ഓഫ് ദ ട്രീ മറാത്തി

# എക്കോസ് ഇന്ത്യ വാർത്താപത്രിക

## പൂനെ ആശ്രമം

## പ്രകാശകേന്ദ്രം

"സന്തോഷം–തീർച്ചയായും നാം സന്തോഷവാന്മാരായിരിക്കണം. പക്ഷേ, മാസ്റ്ററിൽനിന്നും ലഭിക്കുന്ന സന്ദേശങ്ങളിൽ അദ്ദേഹം ആവശ്യപ്പെടുന്നത് അഭ്യാസി ഉത്സാഹഭരിതരായിരിക്കണമെന്നാണ്; പ്രത്യേകാവസരങ്ങളിൽ മാത്രമല്ല, പാൻഷെറ്റ് തടാകത്തിനുമുമ്പിൽ നിന്ന് സൂര്യാസ്തമയം കാണുന്നതുപോലുള്ള ക്ഷണികമായ ഇടവേളകളിൽ മാത്രമല്ല. ഗംഭീരം! എല്ലാ അർത്ഥത്തിലും നാം പ്രകൃതിസ്നേഹികളാണ്. നാം പുറത്തു പ്രകടമാക്കുന്ന സ്വഭാവം അതിന്റെ പ്രതിഫലനം മാത്രമാണ്, മറ്റൊരർത്ഥത്തിൽ ആന്തരീകാവസ്ഥയുടെ പ്രതിഫലനം മാത്രമാവാനേ വഴിയുള്ളു."

സഹജമാർഗം പൂനെക്കുചുറ്റും വളരാൻ തുടങ്ങിയതോടെ ഒരാശ്രമത്തിന്റെ ആവശ്യകത തോന്നി തുടങ്ങി. 2001 ൽ ഒരാശ്രമം നിർമ്മിക്കാനാവശ്യമായ അഭ്യർത്ഥന മാസ്റ്റർക്ക് സമർപ്പിച്ചു. അത് അദ്ദേഹം ഉടനടി സ്വീകരിക്കുകയും ചെയ്തു.

2001 ജനുവരിയിൽ സ്ഥലം രജിസ്റ്റർ ചെയ്യുകയും 2004 ൽ കുട്ടികൾക്കായുള്ള കോട്ടേജൊഴികെ മറ്റു നിർമ്മാണ ജോലികൾ പൂർത്തികരിക്കുകയും ചെയ്തു. സിൻഹഗാദ് റോഡിനു സമീപമുള്ള 3919 സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള ആശ്രമന്തരീക്ഷം ശാന്തമാണ്.

ആശ്രമം ഒരു വെള്ളക്കെട്ടിനരുകിലായതിനാൽ ആശ്രമാന്തരീക്ഷം തണുപ്പുള്ളതും ശാന്തവും ആണ്.പൂന റെയിൽവേ സ്റ്റേഷനിൽനിന്നും 15 കി.മി.ദൂരെയുള്ള ആശ്രമത്തിലേക്ക് റോഡ് മാർഗം എത്തിച്ചേരാം.

നാന്ദെദ് ആശ്രമം പാൻഷെറ്റ് റിട്രീറ്റ് സെൻററിൽനിന്നും ഏകദേശം 10 കി.മി. അകലെയായതിനാൽ അഭ്യാസികൾക്കും വളൻറിയർമാർക്കും ഈ സ്ഥലങ്ങളിൽ എത്തിച്ചേരുന്നതിന് എളുപ്പമുണ്ട്.

2004 ഫെബ്രുവരിയിൽ മാസ്റ്റർ പൂന സന്ദർശിക്കുകയും നിർമ്മാണ പ്രവർത്തികൾ വിലയിരുത്തുകയും ചെയ്തു. നിർമ്മാണ പ്രവർത്തികൾ അവസാനിച്ചയുടൻ സത്സംഗം തുടങ്ങുവാൻ അദ്ദേഹം സെൻറർ ഇൻ ചാർജിന് നിർദ്ദേശം നൽകി. അപ്രകാരം 2004 ഏപ്രിൽ 4ന് ആദ്യ സത്സംഗം നടത്തി.

2325 സ്ക്വയർ ഫീറ്റ് വിസ്തൃതിയുള്ള ഒരു ധ്യാന ഹാൾ ആശ്രമത്തിലുണ്ട്. 2009 ൽ ഇരുനൂറോളം അഭ്യാസികളെകൂടി ഉൾക്കൊള്ളാനാവുന്ന വിധത്തിൽ ഒരു താൽകാലിക വിപുലീകരണം നടത്തി. അടുക്കള, കുട്ടികളുടെ സെൻറർ, ശൗചാലയം, ആശ്രമ സൂക്ഷിപ്പുകാരനായുള്ള മുറി ആദ്യത്തെ നിലയിൽ,കാർ പാർക്കിംഗ് സ്ഥലം തുടങ്ങിയ സൗകര്യങ്ങൾ ഇവിടെയുണ്ട്. പച്ച പുൽത്തകിടിയും ഫലവൃക്ഷങ്ങളും കെട്ടിടത്തിനുചുറ്റും ധാരാളമായുണ്ട്.

പൂനെയിലേക്കുള്ള തന്റെ സന്ദർശനവേളകളിലെല്ലാം മാസ്റ്റർ സത്സംഗം നടത്തിയിട്ടുണ്ട്. ഭാവിയിലുണ്ടാകാവുന്ന വളർച്ച മുൻ കണ്ട് ആശ്രമ വികസനത്തിനായുള്ള നിർദ്ദേശങ്ങൾ മാസ്റ്റർക്ക് സമർപ്പിക്കുവാൻ ആശ്രമ മെയ്ൻറനൻസ് കമ്മിറ്റി തയ്യാറായിക്കൊണ്ടിരിക്കുകയാണ്.















To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org

© 2011 Shri Ram Chandra Mission ("SRCM"). All rights reserved. "Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.